# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചീക്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.7/1650/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/09/2024
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചീക്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.7/1650/2024 തീയ്യതി: 05/09/2024

## മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2023 മുതൽ 18-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 19-07-2024 | 27-07-2024 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-07-2024 | 27-07-2024 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുന്നാസർ.പി, ഓഡിറ്റ് ഓഫീസർ
ശ്രീ.രാമകൃഷ്ണൻ.ടി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.മുഹമ്മദ് നൗഷാദ്.എ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഹസീന.സി,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.എളങ്കാവിൽ മുംതാസ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.സുധീർ.കെ | സെക്രട്ടറി | 01-04-2023 | 07-07-2023 |
| ശ്രീ.ബിജീഷ്.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-07-2023 | 18-07-2023 |
| ശ്രീ.പ്രദീപൻ.പി.കെ | സെക്രട്ടറി | 19-07-2023 | 31-03-2024 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിജയൻ.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-05-2023 |
| ശ്രീ.ബിജീഷ്.സി | അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ്. | 01-06-2023 | 01-09-2023 |
| ശ്രീ.ദിനു രാജ്.പി.ബി | അസിസ്റ്റന്റ് സെക്രട്ടറി | 02-09-2023 | 31-03-2024 |
| ശ്രീ.വിമൽ ബാബു.എ.കെ | വി.ഇ.ഒ | 01-04-2023 | 12-07-2023 |
| ശ്രീമതി.ആശ.എ | വി.ഇ.ഒ | 13-07-2023 | 25-11-2023 |
| ശ്രീ.അനൂപ് | വി.ഇ.ഒ | 26-11-2023 | 31-03-2024 |
| ശ്രീമതി.ജയശ്രീ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-05-2023 |
| ശ്രീമതി.പാത്തുമ്മ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-06-2023 | 31-03-2024 |
| ഡോ.മുഹമ്മദ് അമീൻ.എ.കെ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2023 | 31-03-2024 |
| ഡോ.ഫൗസിയ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2023 | 25-06-2023 |
| ഡോ.ഷെറിൻ.ടി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 26-06-2023 | 31-03-2024 |
| ഡോ.അബ്ദുൽ | മെഡിക്കൽ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| റഷീദ്.വി.പി | ഓഫീസർ(ആയുർവേദം) | | |
| ശ്രീ.മുബാറക്ക്.സി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ ചാർജ്ജ് | 01-04-2023 | 31-03-2024 |
| ശ്രീ.അബൂബക്കർ പായിങ്ങൽ | ഹെഡ് മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീ.വിഷ്ണു | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ.സംഗീത.പി | വെറ്റിനറി സർജൻ | 01-04-2023 | 06-08-2023 |
| ഡോ.രമ്യ രവീന്ദ്രൻ | വെറ്റിനറി സർജൻ | 07-08-2023 | 31-03-2024 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | തേയ്മാനം കണകാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല. | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | Excess Of Income Over Expenditure ഇനത്തിൽ .തുക വ്യത്യാസം | 1-1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി ഇനത്തിൽ- തുക വ്യത്യാസം | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമപദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ "- അവലോകനം | 1-11 |
| 18 | വസ്തുനികുതി 01-04-2023 തീയതി പ്രാബല്യത്തിൽ നിശ്ചയിച്ചില്ല. | 1-12 |
| 19 | രജിസ്റ്റർ ചെയ്യാതെയും തൊഴിൽ നികുതി അടവാക്കാതെയും ട്യൂട്ടോറിയൽ സ്ഥാപനം പ്രവർത്തിക്കുന്നു | 1-13 |
| 20 | മൊബൈൽ ടവറുകൾ -നമ്പർ അനുവദിച്ചതായി കാണുന്നില്ല | 1-14 |
| 21 | പി.എച്ച്.സി-മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. | 1-15 |
| 22 | ഹോമിയോ-മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. | 1-16 |
| 23 | തുല്യതാ കോഴ്സ് ഫീ നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-17 |
| 24 | എസ് എസ് എ പഞ്ചായത്ത് വിഹിതം അടവാക്കൽ - വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-18 |
| 25 | ഓമാനൂർ യുവജന സാസ്ക്കാരിക നിലയത്തിന് പത്രം | 1-19 |

| | | |
|---|---|---|
| | മാഗസിൻ പദ്ധതി - സർക്കാർ ഉത്തരവ് പാലിച്ചില്ല. | |
| 26 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവ് പത്രികയിൽ അവ്യക്തത | 1-20 |
| 27 | അഗതി രഹിത കേരളം പദ്ധതി - ഒരവലോകനം | 1-21 |
| 28 | തൊഴിലുറപ്പു പദ്ധതി - അപാകതകൾ | 1-22 |
| 29 | സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപണി പദ്ധതി- അപാകതകൾ | 1-23 |
| 30 | തെരുവ് വിളക്ക് റിപ്പയർ പദ്ധതി- ഉപകരണങ്ങൾ വാങ്ങി – പദ്ധതി നടപ്പിലാക്കിയില്ല | 1-24 |
| 31 | ദുരിതാശ്വാസ നിധി രൂപീകരിച്ചില്ല | 1-25 |
| 32 | കൃഷി ഓഫീസറുടെ രസീത് ബുക്ക് ഉപയോഗം - അപാകത | 1-26 |
| 33 | അംഗനവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്നു . | 1-27 |
| 34 | ഭിന്ന ശേഷി കലോത്സവം- ക്വട്ടേഷൻ, മറ്റ് അപാകതകൾ | 1-28 |
| 35 | വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചിട്ടില്ല. | 1-29 |
| 36 | അസി.എഞ്ചിനീയറുടെ രേഖകളുടെ സൂക്ഷിപ്പ് | 1-30 |
| 37 | കിണർ റിംഗിന്റെ പിൻ വശത്ത് 6എം.എം. ബേബി മെറ്റൽ നിറക്കുന്നതിന് അധിക നിരക്ക്- 35030 രൂപ അധികം നൽകി | 1-31 |
| 38 | ടെണ്ടർ വ്യതിയാനം കുറവ് ചെയ്തതിൽ അപാകത- അധിക തുക നൽകി | 1-32 |
| 39 | അസി.എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടുകളിൽ കണക്കിൽ പെടാത്ത പണം അവശേഷിക്കുന്നു. | 1-33 |
| 40 | കരാറുകാരന് പണം നൽകാൻ കാലതാമസം - കാരണം വ്യക്തമാക്കേണ്ടതാണ് | 1-34 |
| 41 | ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. | 1-35 |
| 42 | സ്കോളർഷിപ്പ് വിതരണം- ഭിന്നശേഷിക്കാരുടെ ഡാറ്റാ രജിസ്റ്റർ തയ്യാറാക്കിയില്ല | 1-36 |
| 43 | ആദായ നികുതിയിനത്തിൽ അടവാക്കേണ്ടതായ തുക ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു | 1-37 |
| 44 | ആരാധനാലയം തരം കെട്ടിടത്തിന് വീട് വാസയോഗ്യമാക്കൽ ആനുകൂല്യം അനുവദിച്ചു. | 1-38 |
| 45 | ബയോബിൻ വിതരണം-ജിയോ ടാഗിംഗ് നടത്തിയിട്ടില്ല. | 1-39 |
| 46 | അംഗനവാടികൾക്ക് അടുക്കള ഉപകരണങ്ങളും ഫർണ്ണിച്ചറുകളും-സ്റ്റോക്ക്, മറ്റ് അപാകതകൾ | 1-40 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

| | | |
|---|---|---|
| 1 | കിണർ റിംഗിന്റെ പിൻ വശത്ത് 6എം.എം. ബേബി മെറ്റൽ നിറക്കുന്നതിന് അധിക നിരക്ക്- 35030 രൂപ അധികം നൽകി | 3-1 |
| 2 | ടെണ്ടർ വ്യതിയാനം കുറവ് ചെയ്യതിൽ അപാകത- അധിക തുക നൽകി | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ചീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 11.06.2024 തീയതിയിലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 06.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു .

സ്ഥലം: മലപ്പുറം
തീയതി: 05/09/2024

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ(സചിത്ര) കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule ) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

## 1-1-3 തേയ്മാനം കണകാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല.

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി))

## 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ' Net Increase In Cash And Cash Equivalance ‘ ആയി രേഖപ്പെടുത്തിയ തുകയും(1,36,71,494 രൂപ) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ‘ (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (-)1,05,07,575 രൂപ തുല്യമല്ല.

## 1-1-5 Excess Of Income Over Expenditure ഇനത്തിൽ .തുക വ്യത്യാസം

Excess Of Income Over Expenditure ഇനത്തിൽ 4,04,44,567 രൂപയാണ് 31.03.23 ന് നീക്കിയിരിപ്പായി ഉള്ളത് (മുൻവർഷത്തെ വാർഷിക കണക്ക് പ്രകാരം).എന്നാൽ മുന്നിരിപ്പായി 3,33,85,871 രൂപയാണ് തൻവർഷ വാർഷികകണക്കിൽ രേഖപ്പെടുത്തിയത്.

## 1-1-6 തൊഴിലുറപ്പ് പദ്ധതി ഇനത്തിൽ- തുക വ്യത്യാസം

തൊഴിലുറപ്പ് പദ്ധതി തൻവർഷം ആകെ ചെലവ് വാർഷിക കണക്ക് പ്രകാരം 2,53,09,930 രൂപയാണ് (ഷെഡ്യൂൾ B3 യിൽ തൻവർഷം ആസ്തിയായി ഉൾപ്പെടുത്തിയ തുക(31,43,552 രൂപ) ഉൾപ്പെടെ). എന്നാൽ തൻവർഷം യഥാർത്ഥത്തിൽ സൃഷ്ടിച്ച ആസ്തിയുടെ മൂല്യം 13,58,499 രൂപ (തൊഴിലുറപ്പ് പദ്ധതി കാഷ് ബുക്ക് പ്രകാരം)മാത്രമാണ്. ആയത് പ്രകാരം ചെലവ് 2,35,24,877 രൂപ മാത്രമാണ് (2,21,66,378 + 13,58,499) 17,85,053 രൂപ വ്യത്യാസം.

## 1-2 ബജറ്റ്

| 2023-24 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) തീരുമാന നം./തിയ്യതി |
|---|---|
| 1(1)/14.03.2023 | (1)/ 09.02.2024 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 23347047 |
| വരവ് | 206095453 |
| ആകെ | 229442500 |
| ചെലവ് | 192423959 |
| നീക്കിയിരിപ്പ് | 37018541 |

(കുറിപ്പ്- വരവ് RP+ ACR ചെലവ് +B Fund +EFMS എന്നിവ ചേർന്നതാണ്.)

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 21279183 | 21279183 | 19018701 | 2260482 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 0 | 5550569 | 5550569 | 5537455 | 13114 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12154650 | 12154650 | 6109679 | 6044971 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5352000 | 5352000 | 5033861 | 318139 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grant) | 0 | 2913000 | 2913000 | 4094063 | -1181063 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Grant) | 0 | 3884000 | 3884000 | 2297147 | 1586853 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 375 | 189991957 | 166 | 90478708 | 0 | 199 | 44.27% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2101 | 1180976 | 1183077 | 1183077 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 22152800 | 22152800 | 22152800 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 6539600 | 564 |
| വിധവാപെൻഷൻ | 11622800 | 1063 |
| വാർദ്ധക്യകാലപെൻഷൻ | 20052000 | 2011 |
| വികലാംഗപെൻഷൻ | 5579100 | 510 |
| വിവാഹ ധനസഹായം | 150000 | 5 |

| | | |
|---|---|---|
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 260800 | 25 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.07. 2024 ന് 2.15 PM മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7300/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല. അത് കൊണ്ട് തന്നെ പദ്ധതി മോണിറ്ററിംഗ് കാര്യക്ഷമമല്ല.
2. അസി.എഞ്ചിനീയറുടെ ബാങ്ക്/ ട്രഷറി അക്കൗണ്ടുകളിൽ കണക്കിൽ പെടാത്ത പണം അവശേഷിക്കുന്നു.(ഖണ്ഡിക 133 കാണുക)
3. ആദായ നികുതിയിനത്തിൽ വസൂലാക്കിയ തുക ടി ഹെഡിലേക്ക് അടവാക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.(ഖണ്ഡിക 137 കാണുക)
4. ഇ- ടെണ്ടറിന് വേണ്ടി അക്കൗണ്ട് ആരംഭിച്ച് ഇ- ടെണ്ടർ സൈറ്റുമായി മാപ്പിംഗ് നടത്തിയിട്ടില്ല.അത് കൊണ്ട് തന്നെ ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുക നാളിതു വരെ ലഭ്യമായിട്ടില്ല.
5. മരാമത്ത് മേഖലയ്ക്ക് ലഭ്യമാവുന്ന ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വിഭജിക്കുന്നത് പ്രോജക്ടുകളുടെ എണ്ണം കൂട്ടുന്നതിന് ഇടയാക്കുന്നുണ്ട്. ഇത് മൂലം ഫലപ്രദമായ രീതിയിൽ മോണിറ്ററിങ്ങ് , സൂപ്പർവിഷൻ എന്നിവ ഉറപ്പാക്കാൻ സാധിക്കാതെ വരികയും പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിലവിലുള്ള എഞ്ചിനീയറിംഗ് സംവിധാനത്തിന് സാധിക്കാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.11.2022 | 03/22-10/22 | 28.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.11.2020 | 2015-16 മുതൽ 2019-20 വരെ | 21.12.2020 |

## 1-11 "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ "- അവലോകനം

ബഹു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07-06-2024 തീയതിയിലെ നമ്പർ. ഡി.കെ.എസ്.എ. 471/ സി.എ.ആർ. 3/24 കത്തിൽ നിർദ്ദേശിച്ചത് പ്രകാരം ഓഡിറ്റിന്റെ ഭാഗമായി "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ " എന്ന വിഷയം സംബന്ധിച്ച് നടത്തിയ പരിശോധന പ്രകാരം ചീക്കോട് ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേനയുമായും മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട് പരിശോധിച്ച് തയ്യാറാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിലെ ആകെ ജനസംഖ്യ | 32867 |
| ആകെ വാർഡുകളുടെ എണ്ണം | 18 |
| ഓരോ വാർഡിലെയും ആൾ താമസമുള്ള വീടുകളുടെ എണ്ണം | 8698 |
| ഓരോ വാർഡിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 266 |
| വാർഡിലെ ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം | 29 |

ഗ്രാമ പഞ്ചായത്തിലെ ഓരോ വീട്/കടയിൽ നിന്നും മാസത്തിൽ ഒരു തവണ എന്ന രീതിയിൽ മാലിന്യ ശേഖരണ കലണ്ടർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും മാസത്തിൽ ഒരു തവണയെങ്കിലും മാലിന്യം ശേഖരിക്കുന്നതിനായി വാർഡുകളിലേക്ക് എത്താൻ കഴിയാത്ത അവസ്ഥയാണ്. വലിയ ഗ്രാമപഞ്ചായത്തായതിനാലും കർമ്മസേന അംഗങ്ങളുടെ എണ്ണം

കറവായതിനാലുമാണ് ഇപ്രകാരമൊരു അവസ്ഥ നിലനിൽക്കുന്നത്. മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ തലത്തിലും വാർഡ് തലത്തിലുമായി ബോധവത്കരണ ക്ലാസുകളും നടത്തിയിട്ടുണ്ട്. ബോധവൽക്കരണ നോട്ടീസുകൾ ഇതുസംബന്ധിച്ച് അച്ചടിച്ച് വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാനും അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേനക്ക് കൈമാറുന്നതിനുമായി ഗ്രാമ സഭകളിലും കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴിയും വാർഡുകളിലെ ക്ലസ്റ്ററുകൾ മുഖേനയും വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നിരുന്നാലും പഞ്ചായത്തിലെ എല്ലാ ഭവനങ്ങളേയും സ്ഥാപനങ്ങളെയും ഹരിത കർമ്മസേനക്ക കീഴിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ല. ഓരോ വാർഡിലും ഹരിത കർമ്മസേനക്ക് കീഴിൽ കൊണ്ടുവന്ന വീടുകൾ/സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | ഹരിത കർമ്മസേനക്ക് കീഴിൽ വന്ന ഭവനങ്ങൾ/ ആകെ ഭവനങ്ങൾ | ഹരിത കർമ്മസേനക്ക് കീഴിൽ വന്ന സ്ഥാപനങ്ങൾ/ ആകെ സ്ഥാപനങ്ങൾ |
|---|---|---|
| 1 | 322/459 | 21/24 |
| 2 | 401/553 | 19/17 |
| 3 | 398/615 | 13/14 |
| 4 | 366/541 | 5/7 |
| 5 | 396/518 | 3/5 |
| 6 | 333/458 | 8/10 |
| 7 | 364/456 | 11/13 |
| 8 | 366/494 | 11/10 |
| 9 | 401/522 | 11/13 |
| 10 | 366/453 | 12/14 |
| 11 | 355/478 | 13/15 |
| 12 | 401/511 | 16/18 |
| 13 | 366/453 | 6/8 |
| 14 | 401/512 | 16/18 |
| 15 | 322/431 | 16/15 |
| 16 | 266/339 | 25/23 |
| 17 | 366/474 | 8/9 |
| 18 | 301/404 | 8/9 |

2)മാലിന്യശേഖരണ കാര്യക്ഷമത-

നിലവിൽ വാർഡ് 4 കുനിത്തലക്കടവ് എന്ന സ്ഥലത്ത് വാടകയ്ക്ക് എടുത്തിട്ടുള്ള കെട്ടിടത്തിലാണ് MCF പ്രവർത്തിക്കുന്നത്. ഹരിതകർമ്മസേനാംഗങ്ങൾ 29 പേർ മാത്രമാണുള്ളത്. മാലിന്യം നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിന് സ്വന്തമായി ഇലക്ട്രിക് വാഹനമാണ് ഉള്ളത്. കൂടുതൽ ഓടിയാൽ ചാർജ് തീരുന്നതും പിന്നീട് ചാർജിംഗിന് സമയം എടുക്കുന്നതും കുന്നുകളും മറ്റുമായുള്ള ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും സമയക്രമമനുസരിച്ച് എത്തിപ്പെടാൻ പ്രയാസമുണ്ടെന്ന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു.

ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനുതകുന്ന പ്രത്യേക നിയമാവലിയും നിലവിലില്ല- ബൈലോ രൂപീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3)മാലിന്യ വേർതിരിവ് പാലിക്കൽ

ഉറവിടത്തിൽ തന്നെ സെഗ്രിഗേഷൻ നടത്തി ഇനം തിരിച്ച് മാലിന്യം ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനു വേണ്ടി പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നല്കിയിട്ടുണ്ടെങ്കിലും പൂർണ്ണമായി പാലിക്കുവാൻ ജനങ്ങൾ തയ്യാറാകാത്ത സ്ഥിതിയുണ്ട്. MCF ൽ എത്തുന്ന മാലിന്യം വേർതിരിച്ചു പരിപാലിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഉറവിടത്തിൽ തന്നെ വേർതിരിച്ചു ലഭിക്കുന്നത് 10 ശതമാനം മാത്രമാണ്. റിജക്ടഡ് വേസ്റ്റ് നീക്കം ചെയ്യുന്നത് ഗ്രീൻ വേംസ് എന്ന കമ്പനിയാണ്. സമയബന്ധിതമായി നീക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ ഭാഗികമായി നിലനിൽക്കുന്നു.

4)റീസൈക്ലിംഗ്

വഴിയോരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബോട്ടിൽ ബൂത്തുകൾ, ജലസ്രോതസ്സുകൾ മുതലായ സ്ഥലങ്ങളിൽ നിന്നും ലഭിക്കുന്ന മാലിന്യം MCFൽ എത്തിച്ച് സെഗ്രിഗേറ്റ് ചെയ്ത് പ്രോസസ് ചെയ്യുന്ന രീതി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

നിലവിൽ വിവിധ വാർഡുകളിലായി 12 മിനി എം സി എഫ് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ആയത് മാലിന്യ സംസ്കരണത്തിന് ഉപയോഗപ്പെടുത്തിയിട്ടില്ല. റീസൈക്ലിംഗ് പ്രോസസ് നടപ്പാക്കുന്നില്ല.

5)കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

പഞ്ചായത്തിലെ മാലിന്യശേഖരണ പരിപാലന പ്രവർത്തനങ്ങളിൽ ഹരിതകർമ്മസേനയോടൊപ്പം, കുടുംബശ്രീ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, എന്നിവരെ കൂട്ടി യോജിപ്പിച്ചുകൊണ്ട് സമഗ്രമായ രീതിയിൽ മാലിന്യശേഖരണവും സംസ്കരണവും നടത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കുടുംബശ്രീ എ ഡി എസ് അംഗങ്ങൾ, ആശവർക്കർമാർ വാർഡു മെമ്പർമാർ എന്നിവരുമായി ബന്ധപ്പെട്ടാണ് മാലിന്യസംസ്കരണ പരിപാലന പ്രവർത്തനങ്ങൾ നിലവിൽ നടന്നു വരുന്നത് . ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കേന്ദ്രത്തിൽ ക്ലാസ്സുകളുംനടത്തിയിട്ടുണ്ട്.

6)തൊഴിൽ സൃഷ്ടിക്കൽ

ഹരിതകർമ്മസേനാംഗങ്ങൾക്കും വാഹന ഡ്രൈവർക്കും പ്രത്യക്ഷമായി റിജക്ടഡ് വേസ്റ്റ് പരിപാലിക്കുന്ന ഏജൻസിയിലെ ജീവനക്കാർക്ക് പരോക്ഷമായും തൊഴിൽ നല്കുന്നതിന് സാധിക്കുന്നു. ഏകദേശം ഒരു ദിവസം 482 രൂപയാണ് ഒരു തൊഴിലാളിക്ക് ദിവസ വേതനമായി ലഭിക്കുന്നത്.

7)അടിസ്ഥാന സൗകര്യ വികസനം

വാടകയ്ക്ക് എടുത്തിട്ടുള്ള സ്ഥലത്തെ ഷെഡ്ഡിലാണ് MCF പ്രവർത്തിക്കുന്നത്. നിലവുള്ള സ്ഥലം തികയാത്ത അവസ്ഥയുണ്ട്. മഴക്കാലത്ത് ഇത് വളരെയധികം പ്രയാസം സൃഷ്ടിക്കുന്നുണ്ട്. നിലവിലുള്ള സ്ഥലത്ത് സേനാ അംഗങ്ങൾക്ക് മതിയായ കുടിവെള്ള സൗകര്യവും മറ്റും ഉണ്ട്. നിലവിൽ എം സി എഫിന് സ്ഥലം കണ്ടെത്തുന്നതിന് ശ്രമം ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതും പൂർത്തിയാകാതെ നീണ്ടുപോകുകയാണ്. ബെയ്ലിംഗ് മെഷീൻ, സെഗ്രിഗേഷൻ ടേബിൾ, തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ നിലവിലുണ്ട്.

8)പാരിസ്ഥിതിക ആഘാതം

പഞ്ചായത്ത് പ്രദേശത്തെ എല്ലാ വാർഡുകളിൽ നിന്നും മാലിന്യം ശേഖരിച്ച് MCFൽ എത്തിക്കുകയും അവിടെ വച്ച് സെഗ്രിഗേറ്റ് ചെയ്യുകയും ചെയ്തു വരുന്നു. എന്നാൽ ചില സമയങ്ങളിൽ ഗ്രീൻവേം കമ്പനി സമയബന്ധിതമായും കൃത്യനിഷ്ഠയോടും കൂടി റിജക്ടഡ് വേസ്റ്റ് കൊണ്ടുപോകാതിരിക്കുന്നത് സ്ഥലപരിമിതിയുടെ പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. മാലിന്യം മൂലം പാരിസ്ഥിതിക പ്രശ്നങ്ങളിൽ ലഭിക്കുന്ന പരാതികൾ ലഭിച്ചതായി വിവരമില്ല.

9)പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്കും ജനപ്രതിനിധികൾക്കും പഞ്ചായത്ത് നേരിട്ടും പരിശീലനങ്ങൾ നടത്തിയിട്ടുണ്ട്. ഹരിതമിത്രം ആപ്പ് ഇൻസ്റ്റാൾ ചെയ്യുന്നതുമായി ബന്ധപ്പെട്ട പരിശീലനമോ മറ്റോ നല്കിയതായി കാണുന്നില്ല. ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന് കെൽട്രോണുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും പ്രവൃത്തിപഥത്തിൽ വന്നിട്ടില്ല.

10)നിയമങ്ങൾപാലിക്കൽ

മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവല്ക്കരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതായി വിവരമില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കുടുംബശ്രീ എ ഡി എസ് അംഗങ്ങൾ, ആശാവർക്കർമാർ വാർഡുമെമ്പർമാർ എന്നിവരുമായി ബന്ധപ്പെട്ടാണ് മാലിന്യസംസ്കരണ പരിപാലന പ്രവർത്തനങ്ങൾ നിവവിൽ നടന്നു വരുന്നത്. നിയമലംഘനം കണ്ടെത്തുന്നതിന് വിജിലൻസ് ടീം പരിശോധനകൾ നടത്തുകയും, നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ കൈവശം വെക്കൽ, പ്ലാസ്റ്റിക് മാലിന്യം കത്തിക്കൽ, പൊതു സ്ഥലത്ത് മാലിന്യം നിക്ഷേപിക്കൽ തുടങ്ങിയവ കണ്ടെത്തി നാല് സംഭവങ്ങളിലായി മാത്രം പിഴ ഉൾപടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാലിന്യം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൾ ലഭ്യമായിട്ടില്ല.

11)ഹരിതകർമ്മ സേനാംഗങ്ങളുടെപ്രവർത്തനം

ഗ്രാമപഞ്ചായത്തിൽ 18 വാർഡുകളിലേയ്ക്ക് 36 ഹരിതകർമ്മ സേനാംഗങ്ങളാണ് ആവശ്യമുള്ളത്. നിലവിൽ 29 പേർ മാത്രമാണുള്ളത്. ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം കൂട്ടുന്നതിന് കുടുംബശ്രീ വഴിയും പഞ്ചായത്ത് തലത്തിലും സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. അംഗബലം കുറവായതുമൂലം പ്രതിമാസം എല്ലാ വാർഡുകളിലും എത്താൻ കഴിയാത്ത അവസ്ഥയുണ്ട്.

തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായി ബൂട്ട് , ഗ്ലൗസ് , ഫസ്റ്റ് എയ്ഡ് ബോക്സ് എന്നിവ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. യൂനിഫോമും നൽകിയിട്ടുണ്ട്.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി(MCF) റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

1)അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1)MCF/RRF സ്ഥിരം/താത്കാലികം | MCF താത്കാലികം (വാർഡ് 4 കുനിത്തലക്കടവ്) |
| 2)ബെയ്ലിംഗ്/ഷ്രെഡിംഗ് യൂണിറ്റുകൾ ഉണ്ടോ | ഷ്രെഡിംഗ്& ബെയ്ലിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടില്ല എങ്കിലും ഒരു ബെയ്ലിംഗ് |

| | |
|---|---|
| ഉണ്ടെങ്കിൽ അവ സ്ഥിതി ചെയ്യുന്ന സ്ഥല വിവരം | മെഷീൻ മാത്രം സ്ഥാപിച്ചിട്ടുണ്ട്. (MCF ൽ) |
| 3)അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം | വാർഡ് 4-1 |
| 4)അവ പ്രയോജനപ്പെടുത്തുന്നുണ്ടോ | ഇല്ല |
| 5)അവയ്ക്ക് അടിസ്ഥാന സൌകര്യങ്ങൾ ഉണ്ടോ (ടാപ്പിങ് ഏരിയ, സ്റ്റോറേജ് എരിയ, സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ, ശുചിമുറി എന്നിവ) | വിവിധ വാർഡുകളിലായി 12 മിനി MCF-കൾ ഉണ്ട്, എന്നാൽ ആയത് പൂർണ്ണമായും ഉപയോഗപ്പെടുത്തിയിട്ടില്ല. |
| 6)അവയിലേയ്ക്ക് റോഡ് ഗതാഗത സൗകര്യം ഉണ്ടോ | ഉണ്ട് |
| 7)അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നില നിൽക്കുന്നുണ്ടോ | ഇല്ല |

2) മാലിന്യ കൈമാറ്റ കാര്യക്ഷമത

മാലിന്യങ്ങൾ വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കൈമാറുന്നതിലുള്ള വിമുഖത മാറിവരുന്നു. ഇനിയും വളരെയെറെ മുന്നേറാനുണ്ട്.ഇക്കാര്യത്തിൽ കൂടുതൽ ബോധവൽക്കരണ നടപടികൾ ആവശ്യമാണ്.

3)മാലിന്യ സംഭരണ ശേഷി

| | |
|---|---|
| 1)ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിൻറെ അളവ് ജൈവം/അജൈവം | 407 കിലോ (അജൈവം) |
| 2) ആകെ വിസ്തൃതി | MCF<br>130 ച.മീ. |
| 1)ടാപ്പിംഗ് ഏരിയ | 130 ച.മീ. |
| 2)സ്റ്റോറേജ് ഏരിയ | |
| 3)സോർട്ടിംഗ് ഏരിയ | |
| 4)മെഷിനറി ഏരിയ | |
| 5)കളക്ഷൻ ഏരിയ | |

4)മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

വാർഡുകളിൽ നിന്നും മാസം തോറും ഹരിതകർമ്മ സേനാംഗങ്ങൾ അജൈവമാലിന്യം ശേഖരിക്കുന്നു. അവ വാഹനത്തിൽ MCFൽ എത്തിച്ചശേഷം സെഗ്രിഗേറ്റ് ചെയ്ത് മൂല്യമുള്ള സാധനങ്ങൾ വില്ക്കുകയും റിജക്ടഡ് വേസ്റ്റ് ഗ്രീൻ വേംസ് കമ്പനിക്ക് കൈമാറുകയും ചെയ്യുന്നു.

5)ശുചിത്വമാനദണ്ഡങ്ങൾ

ഓരോരുത്തരുടെയും മാലിന്യം അവരവരുടെ ഉത്തരവാദിത്വമാണ് എന്ന തത്വത്തിലൂന്നി “മാറണം മാലിന്യം മാറണം ചീക്കോട്” എന്ന പേരിൽ സമ്പൂർണ്ണ ശുചിത്വ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള പരിപാടികളും പ്രവർത്തനങ്ങളും ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു.

6)യഥാസമയം മാലിന്യം ഗ്രീൻ വേംസ് കമ്പനിക്ക് കൈമാറുന്നതു സംബന്ധിച്ച്

റിജക്ടഡ് വേസ്റ്റ് MCFൽ നിന്നും കൊണ്ടു പോകുന്നതിന് കരാർ എടുത്തിട്ടുള്ളത് ഗ്രീൻ വേംസ് കമ്പനിയാണ്. കമ്പനിക്ക് മാലിന്യം യഥാസമയം കൈമാറുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കുന്നുണ്ടെങ്കിലും ആയത് കമ്പനി സമയബന്ധിതമായി നീക്കം ചെയ്യാത്തതു മൂലം MCFപ്രവർത്തനം തടസ്സപ്പെടുന്ന സ്ഥിതിയും ഉണ്ടാവാറുണ്ട്.

മറ്റു വിവരങ്ങൾ

2023-24 വർഷത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ചുവടെ ചേർക്കും പ്രകാരം തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

| ക്രമനം. | പ്രോജക്റ്റ് | ഫണ്ടിനം | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | നം. 206/24 ഹരിതകർമ്മസേന റിജക്റ്റഡ് വേസ്റ്റ് നിർമ്മാർജ്ജനം | സി എഫ് സി | 993134 | 858330 | |
| 2 | നം. 207/24 ഹരിതകർമ്മ സേനാ പ്രവർത്തനങ്ങൾ | സി എഫ് സി | 310,000 | 172700 | MCF വാടക |
| 3 | നം. 287/24 ബോട്ടിൽ ബൂത്ത് | എസ്.ബി.എം | 500000 | 445526 | |
| 4 | നം. 430/24 അതിധരിദ്രരുടെയും കൈമാറികിട്ടിയ സ്ഥാപനങ്ങളുടെയും യൂസർ ഫീ | തനത് ഫണ്ട് | 58,000 | 11,150 | |

ഓഡിറ്റ് നിർദേശങ്ങൾ

1. MCFന് വാടകക്ക് സ്ഥലവും കെട്ടിടവും അടിസ്ഥാന മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഹരിത കർമ്മ സേനയുടെ പ്രവർത്തനം സ്വന്തം കെട്ടിടത്തിലേക്ക് മാറ്റേണ്ടതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2. ഹരിത കർമ്മ സേനക്ക് സ്വന്തമായി ഒരു മൂന്ന് ചക്ര ഇലക്ട്രിക് വാഹനമാണുള്ളത്. കുന്നിൻ പ്രദേശങ്ങൾ ഉൾപ്പെട്ടതിനാലും വാഹനത്തിന്റെ ബാറ്ററി ചാർജിംഗ് പ്രശ്നം മൂലവും എല്ലാ വാർഡുകളിലും യഥാസമയം എത്തി മാലിന്യം ശേഖരിക്കാൻ പ്രയാസമുണ്ട് എന്നാണ് അറിയുന്നത്. ഇത് ഹരിതകർമ്മസേനയുടെ പ്രവർത്തനത്തെ ബാധിക്കുന്നതാകയാൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. വഴിയോരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ , ബോട്ടിൽ ബൂത്തുകൾ, ജലസ്രോതസ്സുകൾ മുതലായ സ്ഥലങ്ങളിൽ നിന്നും ലഭിക്കുന്ന മാലിന്യം MCFൽ എത്തിച്ച് സെഗ്രിഗേറ്റ് ചെയ്ത് പ്രോസസ് ചെയ്യുന്ന രീതി വിപുലപ്പെടുത്തി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കേണ്ടതുണ്ട്. ഇതിനായി (ആവശ്യത്തിന്) [ബോട്ടിൽ ബൂത്തുകൾ, ബിന്നുകൾ എന്നിവ വാർഡ് തലങ്ങളിൽ സ്ഥാപിക്കേണ്ടതാണ്]. സെഗ്രിഗേറ്റ് ചെയ്ത് പ്രോസസ്സ് ചെയ്യുന്നതിന് കൂടുതൽ സ്ഥലസൗകര്യം ലഭ്യമാക്കേണ്ടതും ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സൂക്ഷിക്കുന്നതിന് ജനങ്ങളെ കൂടുതൽ ബോധവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

4. സമയബന്ധിതമായി നീക്കം ചെയ്യാത്തതു മൂലം MCFപ്രവർത്തനം ചിലപ്പോഴൊക്കെ തടസ്സപ്പെടുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ആയത് പരിഹരിക്കുന്നതിന് വേണ്ടി റിജക്റ്റഡ് വേസ്റ്റ് MCFൽ നിന്നും കൊണ്ടു പോകുന്നതിന് കരാർ എടുത്തിട്ടുള്ള ഗ്രീൻവേം കമ്പനിക്ക് കർശന നിർദേശം നൽകേണ്ടതാണ്.

5. പഞ്ചായത്തിലെ എല്ലാ ഭവനങ്ങളേയും സ്ഥാപനങ്ങളെയും ഹരിത കർമ്മസേനക്കു കീഴിൽ കൊണ്ടുവരേണ്ടതാണ്. മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവല്ക്കരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതും നിയമലംഘനത്തിന് കർശനമായി പിഴ ഈടാക്കേണ്ടതുമാണ്. ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം കൂട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. ഹരിതമിത്രം സ്മാർട്ട്ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പ്രവർത്തിപഥത്തിൽ കൊണ്ടുവരേണ്ടതാണ്.

7. യൂസർ ഫീ അടവാക്കുന്നതിന് ജനങ്ങൾ പലപ്പോഴും മടി കാണിക്കുന്നതായി കാണുന്നുണ്ട്. മാലിന്യം പരിസരങ്ങളിൽ അലസമായി കിടക്കുന്നതും ഇത് മൂലമുണ്ടാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും ഇത് സംബന്ധിച്ച നിയമങ്ങളും പിഴകളും ജനങ്ങളെ ശരിയായ രീതിയിൽ ബോധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് യൂസർ ഫീ പൂർണ്ണമായും ലഭ്യമാക്കുന്നതിനും സേനയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

8.ഹരിതകർമ്മസേനയ്ക്ക് നിയമാവലി തയ്യാറാക്കേണ്ടതാണ്.

## 1-12 വസ്തുനികുതി 01-04-2023 തീയതി പ്രാബല്യത്തിൽ നിശ്ചയിച്ചില്ല.

വസ്തുനികുതി നിരക്ക് സംബന്ധിച്ച് കേരള സർക്കാർ തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05-04-2023 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 25/23/LSGD വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ചീക്കോട് ഗ്രാമപഞ്ചായത്ത് 01.09.2023 ലെ 2(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം പുതുക്കിയ വസ്തുനികുതി നിരക്ക് നിശ്ചയിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സർക്കാർ വിജ്ഞാപന പ്രകാരവും, പഞ്ചായത്തിന്റെ അന്തിമ വിജ്ഞാപന പ്രകാരവും 01-04-2023 തീയതി പ്രാബല്യത്തിലാണ് പുതുക്കിയ നിരക്ക് പ്രകാരം വസ്തുനികുതി നിർണ്ണയിക്കേണ്ടത്.എന്നാൽ ചീക്കോട് ഗ്രാമപഞ്ചായത്ത് 2023 സെപ്റ്റംബർ 23 മുതലാണ് പുതിയ നിരക്കിലുള്ള വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് .01-04-2023 തീയതി മുതൽ 23.09.2023 വരെ പഴയ നിരക്കിലാണ് പഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ചത്. ഈ കാലയളവിൽ പഴയ നിരക്കിൽ നിർണ്ണയിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ നിലവിലും പുനർ നിർണ്ണയിച്ചിട്ടില്ല. അപാകതയ്ക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(നമ്പർ-24/2023-24/26.07.2024) മേൽ കാലയളവിലെ വസ്തു നികുതി പുനർനിർണ്ണയിക്കുന്ന നടപടികൾ തുടർന്നു വരികയാണെന്നും ആയതു പൂർത്തിയാവുന്ന മുറയ്ക്ക് വിവരം അറിയിക്കുമെന്നുമുള്ള മറുപടി ലഭ്യമാക്കി.വസ്തു നികുതി പുനർ നിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-13 രജിസ്റ്റർ ചെയ്യാതെയും തൊഴിൽ നികുതി അടവാക്കാതെയും ട്യൂട്ടോറിയൽ സ്ഥാപനം പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 266 പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. സെക്ഷൻ 267 പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ നടത്തുകയോ പരിപാലിക്കുകയോ ചെയ്താൽ ആയിരം രൂപ വരെയുള്ള പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും നൂറു രൂപ വരെയാകാവുന്ന അധിക പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. 1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ലാത്തതുമാണ്. രജിസ്റ്റർ ചെയ്യുമ്പോൾ/പുതുക്കുമ്പോൾ നിശ്ചിത ഫീസ് ഈടാക്കേണ്ടതുമുണ്ട്.

ചീക്കോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൽ ബത്തുൽ ഇസ്ലാമിക് ആന്റ് ആർട്സ് കോളേജ് ഫോർ വിമൺ എന്ന സ്ഥാപനം കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 266 പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന്റെയോ രജിസ്ട്രേഷൻ പുതുക്കിയതിന്റെയോ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ 2023-24 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായും കാണുന്നില്ല

മേൽ സ്ഥാപനം കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 266 പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെയും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ-23/2023-24/26.07.2024) കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 266 പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനും കൂടാതെ മേൽ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുമുള്ള സത്വര നടപടികൾ അടിയന്തിരമായി സ്വീകരിക്കുമെന്നുള്ള മറുപടി ലഭ്യമാക്കി.തുടർ നടപടി സ്വീകരിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവറുകൾ -നമ്പർ അനുവദിച്ചതായി കാണുന്നില്ല

പഞ്ചായത്തിന്റെ 2023-24 ലെ വസ്തു നികുതി പരിശോധനയുമായി ബന്ധപ്പെട്ട് പെർമിറ്റ് രജിസ്റ്റർ, വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ,സഞ്ചയ എന്നിവ പരിശോധിച്ചതിൽ നിർമ്മാണം പൂർത്തീകരിച്ച മുഴുവൻ ടവറുകൾക്കും വസ്തു നികുതി ചുമത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. കൂടുതൽ വിവരങ്ങൾ താഴെ ചേർക്കുന്നു.

ൽ ടെലഫോൺ ടവറുകളുടെയും വിവരം താഴെ പട്ടികകളിൽ ചേർക്കുന്നു.പഞ്ചായത്ത് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2015-16 മുതൽ 2023-24 വരെ മൊബൈൽ ടവർ നിർമ്മാണ അനുമതിക്കായി 9 അപേക്ഷകൾ ലഭിക്കുകയും ഇതിൽ 8 അപേക്ഷകളിൽ നിർമ്മാണ അനുമതി നൽകുകയും ചെയ്തിരുന്നു. ആയതിന്റെ വിവരങ്ങളും, സഞ്ചയ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ വസ്തു നികുതി നിശ്ചയിച്ച് ഈടാക്കി കൊണ്ടിരിക്കുന്ന 9 മൊബൈ

പട്ടിക-1-

*പെർമിറ്റ് അപേക്ഷ വിവരം*

| ക്രമ നമ്പർ | അപേക്ഷ നമ്പർ | റീ സർവ്വേ നമ്പർ | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ |
|---|---|---|---|---|
| 1 | 1975/16/03.02.2016 | BL-17/179/2 | Indus Tower | A1-9777/16/02.02.2016 |
| 2 | 6507/28.09.2016 | BL-17/36/4 | Indus Tower | പെർമിറ്റ് അനുവദിച്ചതായോ അപേക്ഷ നിരസിച്ചതായോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 3 | 5285/04.10.2017 | BL-15/131/1 | Indus Tower | 103/17-18/23.11.2017 |
| 4 | 1885/18/20.04.2018 | BL-17/78/11 | Reliance Jio | 17/18-19/11.09.2028 |

| | | | | |
|---|---|---|---|---|
| 5 | 1886/18/20.04.2018 | BL-16/117/5/1 | Reliance Jio | 18/18-19/11.09.2018 |
| 6 | 5027/23.12.2020 | BL-15/27/1-4 | Reliance Jio | A1-BA(8752)/2021/14.01.2021 |
| 7 | 2507/21/13.04.2021 | 145/5/131/6-2 | Summit Digital | A1-BA(97530/2021)/19.04.2021 |
| 8 | 6391/23/16.08.2023 | BL-17/58/16-1 | Summit Digital | നിർമ്മാണം ആരംഭിക്കുന്നതായി Intimation ലഭ്യമാക്കി. |
| 9 | 6969/23/18.09.2023 | BL-15/192/5-28 | Indus Tower | നിർമ്മാണം ആരംഭിക്കുന്നതായി Intimation ലഭ്യമാക്കി. |

*പട്ടിക-2-*

*നികുതി നിശ്ചയിച്ച ടവറുകളുടെ വിവരം*

| ക്രമ നമ്പർ | അനുവദിച്ച നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 1/16/ | Principal Finance Officer Bharathi Televencher S.A Road Kadanthra Kochi 20 |
| 2 | 1/18/ | Reliance Infocom Ltd S.A Road Kadavanthra |
| 3 | 1/112/A | INDUS TOWERS LTD |
| 4 | 3/520/B | ATC TELECOM TOWER CORPORATION PRIVATE LIMITED |
| 5 | 4/362/ | MIS Indes Towers Limited 8 Floor Vankarath Towers |
| 6 | 7/412/A | INDUS TOWERS LIMITED |
| 7 | 8/76/A | INDUS TOWERS LTD |
| 8 | 10/265/ | Bharathi Airtel Limited Bharathi Towers |
| 9 | 14/205/ | INDUS TOWERS LTD |

സഞ്ചയയിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം മേൽ പട്ടികയിലെ ക്രമ നമ്പർ 7 ഒഴികെയുള്ളവയെല്ലാം 2013 ന് മുമ്പ് നികുതി നിർണ്ണയിച്ചവയാണ്. ക്രമ നമ്പർ 7 ,2015-16 മുതൽ 2023-24 വരെ (പട്ടിക 1 പ്രകാരം) പെർമിറ്റ് അനുവദിച്ചതാണോ എന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമായിട്ടില്ല.ആണെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ പട്ടിക 1 ലെ അവശേഷിക്കുന്നവയുടെ നിലവിലെ സ്ഥിതി അറിയ്ക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 31/2023-24/27.06.2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല.ഫീൽഡ്

പരിശോധന നടത്തി മേൽ ടവറുകളുടെ നിർമ്മാണം പൂർത്തികരിച്ചതാണോ എന്ന് പരിശോധിക്കേണ്ടതും പൂർത്തീകരിച്ചവയാണെങ്കിൽ നികുതി നിർണയിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-15 പി.എച്ച്.സി-മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.

പ്രൊജക്റ്റ്: 01/24 -പരിരക്ഷ പദ്ധതിചെലവ്: 294168/
BRN: 23151052040400349756/24.07.2023
മേൽ പ്രൊജക്റ്റ് പ്രകാരം കെ.എം.എസ്.സി.എല്ലിന് 294168/- രൂപ (പ്രൊഫോമ ഇൻവോയ്സ് -538/06.07.2023) മരുന്ന് ലഭ്യമാക്കുന്നതിനായി നൽകിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്ത പ്രകാരമുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ഇൻവോയ്സ് നമ്പർ | തീയ്യതി | തുക |
|---|---|---|
| 15606 | 10.08.2023 | 8690 |
| 18294 | 20.09.23 | 3416 |
| 18728 | 28.09.23 | 2715 |
| 19322 | 11.10.23 | 56511 |
| 21716 | 25.11.23 | 118415 |
| 25684 | 29.01.24 | 5051 |
| 22579 | 04.12.23 | 29306 |
| 26349 | 08.02.24 | 1904 |
| 9007 | 31.05.24 | 31752 |
| ആകെ | | 257760 |

36408/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. ആയത് ലഭ്യമാക്കാൻ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-10/2023-24/24.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.മരുന്നു ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 ഹോമിയോ-മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.

പ്രൊജക്റ്റ്: 202/24, പരിരക്ഷ മരുന്ന് വാങ്ങൽ

ചെലവ്: 500000/-
BRN: 23151052040200886428/05.12.2023

മേൽ പ്രൊജക്റ്റ് പ്രകാരം ഹോംകോക്ക് 500000/- രൂപ (പ്രൊഫോമ ഇൻവോയ്സ് നം. 606/10.10.2023) മരുന്ന് ലഭ്യമാക്കുന്നതിനായി നൽകിയിട്ടുണ്ട്.എന്നാൽ ചുവടെ ചേർത്ത പ്രകാരമുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ഇൻവോയ്സ് നമ്പർ | തീയ്യതി | തുക |
|---|---|---|
| LF.2944 | 15.02.2024 | 209482 |
| LF.558 | 05.07.2024 | 74690 |
| ആകെ | | 284172 |

215828/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. ആയത് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിവരം അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നമ്പർ-11/2023-24/24.07.2024) മരുന്ന് ലഭ്യമാവുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.മരുന്ന് ലഭ്യമാക്കി ഇൽവോയ്സ് സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-17 തുല്യതാ കോഴ്സ് ഫീ നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

2023-24 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതി പ്രകാരം പ്ലസ് ടു തുല്യത- 27 പേർക്കായി 27 X2300=62100/- രൂപ,പ്ലസ് വൺ തുല്യത - 19 പേർക്കായി 19x2600=49400/- രൂപ ,പത്താം ക്ലാസ് തുല്യത - 6 പേർക്കായി 6X1950=11700/- രൂപ എന്നിങ്ങനെ ആകെ 123200/- രൂപ കേരള സാക്ഷരത മിഷന് ചുവടെ ചേർത്ത പ്രകാരം അടവാക്കിയിട്ടുണ്ട്.

| പദ്ധതിയുടെ പേര്, | തുക | ബിൽ/ചെക്ക് നമ്പർ |
|---|---|---|

| | | |
|---|---|---|
| നമ്പർ | | |
| 10,+1 തുല്യതാ കോഴ്സ് ഫീ നൽകൽ 215/23-24 | അടങ്കൽ: 140000/- തനത് ഫണ്ട് ചെലവ്: 123200/- | 22301101/27.03.2024-48700/- (ഗ്ര.വി)<br>22301100/27.03.2024-74500/- |

മേൽ തുക കൈപ്പറ്റിയത് സംബന്ധിച്ച് സാക്ഷരത മിഷനിൽ നിന്നുള്ള കൈപ്പറ്റ്/വിനിയോഗ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സാക്ഷരത മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നമ്പർ -25/2023-24/26.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്.ആയതു വരെ ചെലവ് തുക 123200/- രൂപ തടസ്സം ചെയ്യുന്നു.

## 1-18 എസ് എസ് എ പഞ്ചായത്ത് വിഹിതം അടവാക്കൽ - വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

1)പ്രോജക്റ്റ് നം. 3/24

എസ് എസ് എ വിഹിതം അടവാക്കൽ (ജനറൽ)

വിനിയോഗിച്ച തുക – 17,00,000 രൂപ (പ്ലാൻ -ജനറൽ )

ബിൽ നം. 4/2023-24/11.07.2023 – 17,00,000 രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം 17,00,000 രൂപ എസ് എസ് എ വിഹിതം (ജനറൽ ) ഇനത്തിൽ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ ,സമഗ്രശിക്ഷാ, കേരള ക്ക് നൽകിയിട്ടുണ്ട് .

2)പ്രോജക്റ്റ് നം. 4/24

എസ് എസ് എ വിഹിതം അടവാക്കൽ (എസ് സി )

വിനിയോഗിച്ച തുക – 3,50,000 രൂപ (പ്ലാൻ -എസ് സി പി )

ബിൽ നം. 5/2023-24/11.07.2023 – 3,50,000 രൂപ

പദ്ധതി പ്രകാരം 3,50,000 രൂപ എസ് എസ് എ വിഹിതം (എസ് സി ) ഇനത്തിൽ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ ,സമഗ്രശിക്ഷാ, കേരള ക്ക് നൽകിയിട്ടുണ്ട് .

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ (കേരള ) യിൽ നിന്നും കൃത്യമായി നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/2023-24/ 17.07.24 )വിവരം ലഭ്യമാക്കി അറിയിക്കുന്നതാണെന്നറിയിച്ചു .ആയത് ലഭ്യമാക്കുന്നതു വരെ പദ്ധതികൾക്കായി ചെലവഴിച്ച (17,00,000+ 3,50,000)20,50,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-19 ഓമാനൂർ യുവജന സാംസ്കാരിക നിലയത്തിന് പത്രം മാഗസിൻ പദ്ധതി - സർക്കാർ ഉത്തരവ്

പാലിച്ചില്ല.

പ്രോജക്റ്റ് നം. 255/24

ഓമാനൂർ യുവജന സാസ്കാരിക നിലയത്തിന് പത്രം മാഗസീൻ പദ്ധതി

വിനിയോഗിച്ച തുക – 28,980 രൂപ (തനത് ഫണ്ട്)

വൗച്ചർ നം. 22301095/ 23.07.2024 – 28,980 രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം ഓമാനൂർ യുവജന സാസ്കാരിക നിലയത്തിന് മലയാള മനോരമ, മാതൃഭൂമി, മാധ്യമം, ചന്ദ്രിക, ദേശാഭിമാനി,വീക്ഷണം, സുപ്രഭാതം എന്നീ ഏഴ് ദിനപത്രങ്ങളും മറ്റു തൊഴിൽവാർത്ത ,സ്പോർട്സ് മാസിക ,വീട് തുടങ്ങിയ പ്രസിദ്ധീകരണങ്ങളും വാങ്ങി നൽകുകയാണ് ചെയ്തിട്ടുള്ളത്.

സ.ഉ(സാധാ)നം. 1040/2023/ LSGD തീ. 15.05.2023 പ്രകാരം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികൾക്കാണ് ഇപ്രകാരം പത്രങ്ങളും മറ്റു പ്രസിദ്ധീകരണങ്ങളും വാങ്ങി നൽകാവുന്നത് . ഓമാനൂർ യുവജന സാസ്കാരിക നിലയത്തിന് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭിച്ചതിന്റെ വിവരം ലഭ്യമായിട്ടില്ല. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള 'സി' ഗ്രേഡും അതിനുമുകളിലുമുള്ള ലൈബ്രറികൾക്ക് മൂന്ന് ദിനപത്രങ്ങൾ വീതവും, 'സി' ഗ്രേഡിനു താഴെയുള്ള ലൈബ്രറികൾക്ക് രണ്ട് ദിനപത്രങ്ങൾ വീതവും മാത്രമാണ് നൽകാനാവുക. എന്നാൽ ഓമാനൂർ യുവജന സാസ്കാരിക നിലയത്തിന് ഏഴ് ദിനപത്രങ്ങൾ വീതമാണ് നൽകിയിട്ടുള്ളത്.

മേൽ ഉത്തരവിന് 15.05.2023 മുതലാണ് പ്രാബല്യമെന്നിരിക്കെ 2023 ഏപ്രിൽ മാസത്തിലും പത്രങ്ങളും മറ്റു പ്രസിദ്ധീകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ട്.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.4/2023-24/23.07.2024 ) മറുപടിയിൽ സ്ഥാപനത്തിന് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ 'ഡി' ഗ്രേഡ് അംഗീകാരം ലഭിച്ചതിന്റെ വിവരം ലഭ്യമാക്കി ഭാവിയിൽ രണ്ടു പത്രങ്ങൾ മാത്രമേ അനുവദിക്കുവെന്നും വ്യക്തമാക്കി.സർക്കാർ ഉത്തരവുകൾ പരിശോധിച്ച് മാത്രം പദ്ധതി നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവ് പത്രികയിൽ അവ്യക്തത

സെക്രട്ടറിക്ക് നിർവഹണം നടത്തുന്നതിനായി 40 പ്രോജക്ടുകളാണ് 2023-24 വർഷം തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ ഏഴ് പ്രോജക്ടുകൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയതും അവശേഷിച്ചവ പുതിയ പ്രോജക്ടുകളുമാണ്. സുലേഖ ചെലവ് പത്രിക സോഫ്റ്റ് വെയർ ജനറേറ്റഡ് രേഖയാണ്. എന്നാൽ സെക്രട്ടറിയുടെ പ്രോജക്ടുകൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ ശരിയായ വിവരം പ്രതിഫലിക്കുന്നതല്ല ചെലവ് പത്രിക എന്ന് കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

1) ചെലവ് പത്രിക പ്രകാരം ആകെ വകയിരുത്തിയ പൊതു വിഭാഗം സാധാരണ വിഹിതം 32,80,000 രൂപയും ചെലവഴിച്ച തുക 51,92,282 രൂപയുമാണ്. ഇവിടെ ആകെ വകയിരുത്തിയ തുകയേക്കാൾ ചെലവ് വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാവുന്നു. മാത്രമല്ല, തുക വകയിരുത്തൽ ഇല്ലാതെ ചെലവ് രേഖപ്പെടുത്തിയതായും വ്യക്തമാവുന്നു.

2) ചെലവ് പത്രിക പ്രകാരം ആകെ വകയിരുത്തിയ എസ്.സി.പി വിഹിതം 3,50,000 രൂപയും ചെലവഴിച്ച തുക 14,28,431 രൂപയുമാണ്.

തനത് ഫണ്ട് , മെയിന്റനൻസ് ഫണ്ട് റോഡിതരം എന്നിവയുടെ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും രേഖപ്പെടുത്തിയതിൽ പിഴവില്ല.

ആധികാരിക രേഖയായി പരിഗണിക്കാവുന്നവയാണ് സുലേഖ ചെലവ് പത്രിക. എന്നാൽ ഓരോ Raw യിലെയും Column ത്തിലെയും തുകകൾ പരസ്പരം പൊരുത്തപ്പെടാത്ത സാഹചര്യം നിലനിൽക്കുന്നതായി വ്യക്തമാവുന്നു. സോഴ്സ് ഡിഡക്ഷൻ വരുന്ന ജി.ഒ പ്രോജക്ടുകളുടെ ചെലവ് ബുക്ക് ചെയ്യുന്നത് തെറ്റായ രീതിയിലാണ് എന്ന് ചെലവ് പത്രിക വ്യക്തമാക്കുന്നു. ഒരു പ്രോജക്ടിന് തുക വകയിരുത്താതെ ചെലവ് ബുക്ക് ചെയ്യുന്നത് കണക്കുകളിലെ ആധികാരികത നഷ്ടപ്പെടുത്തുന്ന ഘടകങ്ങളാണ്. അപാകത ശ്രദ്ധയിൽ പെടുത്തുന്നു. അർഹമായ പരിശോധന നടത്തി ഈ വ്യത്യാസം വന്നത് ബന്ധപ്പെട്ട അധികാരികളുടെയും സോഫ്റ്റ് വെയർ ഡവലപ്പേഴ്സിന്റെയും ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം. 6/2023-24/ 23.07.2024)ണനൽകിയ മറുപടിയിൽ ഐ കെ എം നേരിട്ട് ചെയ്തതിൽ വന്ന പ്രശ്നമെന്നനിലയിൽ ആയത് പരിഹരിക്കപ്പെടുന്നതാണെന്നറയിച്ചു.

## 1-21 അഗതി രഹിത കേരളം പദ്ധതി - ഒരവലോകനം

അഗതി രഹിത കേരളം പദ്ധതിയുടെ ചീക്കോട് സർവ്വീസ് സഹകരണബാങ്ക് ഓമാനൂർ ശാഖ അക്കൗണ്ടിൽ (നം. 002007008915)31.03.2024 ന് 7,07,598.24 രൂപയാണ് നീക്കിയിരിപ്പുണ്ട്. 2019- മാർച്ചിലാണ് പദ്ധതി

ആരംഭിച്ചിട്ടുള്ളത്.

പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം ,ആവശ്യങ്ങൾ,ലഭിച്ച ആനുകൂല്യങ്ങളുടെ വിവരം തുടങ്ങിയവ താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| വിദ്യാഭ്യാസ സഹായം | 96 പേർക്ക് | 78 പേർക്ക് സഹായം ലഭിച്ചു. |
| ഭക്ഷണം(കിറ്റ്) ആവശ്യമുള്ളവർ | 244 പേർക്ക് | കിറ്റ് നൽകിയിട്ടുണ്ട് |
| ചിക്തസ ആവശ്യമുള്ളവർ | 64 പേർക്ക് | സഹായം ആർക്കും ലഭിച്ചിട്ടില്ല |
| വീട് റിപ്പയർ | 18 പേർക്ക് | 5 പേർക്ക് സഹായം ലഭിച്ചു. |
| വീട് | 18 പേർക്ക് | 5 പേർക്ക് സഹായം ലഭിച്ചു. |

ആശ്രയ പദ്ധതി ബാലൻസ് തുകയായി 16,37,313 രൂപയും (ആശ്രയ ഫേസ് 1 അക്കൗണ്ടിൽ ഉണ്ടായിരുന്ന 9,29,735 രൂപ ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തത് ഉൾപ്പെടെ) പുറമെ(ആശ്രയ പദ്ധതി അക്കൗണ്ട് തന്നെയാണ് നിലവിലും പദ്ധതിക്ക് ഉപയോഗിക്കുന്നത്) ഉൾപ്പെടെ ചലഞ്ച് ഫണ്ടിനത്തിൽ (രണ്ടു ഗഡു ) 21,29,356 രൂപയും, പ്ലാൻ ഫണ്ടിനത്തിൽ 13,00,000 രൂപയുമാണ് ലഭിച്ചിട്ടുള്ളത്. ആതിൽ പ്ലാൻ ഫണ്ടിനത്തിൽ 9,33,677 രൂപയാണ് വിനിയോഗിച്ചിട്ടുള്ളത്. ആശ്രയ ഫേസ് 1 അക്കൗണ്ടിൽ ( അക്കൗണ്ട് നം.5969 ചീക്കോട് സർവ്വീസ് സഹകരണ ബാങ്ക് ) നിലവിലും 30.03.2024 ന് 28,777 രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക നിലവിലെ അക്കൗണ്ടിലേക്ക് മാറ്റി അക്കൗണ്ട് അവസാനിപ്പിക്കാത്തതിന് കാരണം വ്യക്തമല്ല.

അഗതി രഹിത കേരളം പദ്ധതി സംബന്ധിച്ച സ.ഉ (എം എസ് )നം. 252/2017/തസ്വഭവ തി.12.12.2017 നം. ഉത്തരവ് 2.5.7 പ്രകാരം എല്ലാമാസവും ഭക്ഷ്യധാന്യവും പോഷകാഹാര കിറ്റും ലഭ്യമാക്കണം 2023 ഏപ്രിൽ,മെയ്,ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ മാത്രമാണ് ഭക്ഷ്യകിറ്റുകൾ ലഭ്യമായത്. അതിനു പുറമെ വിദ്യാഭ്യാസ കിറ്റിനുമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്.

പദ്ധതി പ്രകാരം അഗതികൾക്ക് ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള നോഡൽ ഓഫീസറായി നഗരസഭ പ്രദേശത്തെ അലോപ്പതി *ആയുർവേദം*/ഹോമിയോ വിഭാഗങ്ങളിലെ ഏതെങ്കിലും ഒരു മെഡിക്കൽ ഓഫീസറെ തദ്ദേശഭരണ സ്ഥാപനം ചുമതലപ്പെടുത്തണം. എന്നാൽ നാളിതുവരെയും അപ്രകാരം ഒരു നടപടി സ്വീകരിച്ചിട്ടില്ല.ചിക്ത്സ ലഭ്യമാക്കുന്നതിനായി മെഡിക്കൽ ക്യാമ്പ് നടത്തിയിരുന്നുവെങ്കിലും തുടർനടപടികൾ സ്വീകരിക്കാതിരുന്നതിനാൽ ഗുണഭോക്താകൾക്ക് ആർക്കുംതന്നെ ചിക്ത്സ സൗകര്യം ലഭ്യമായിട്ടില്ല.

മേൽ മാർഗ്ഗരേഖ 2.5.5 പ്രകാരം അഗതി കുടുംബങ്ങളെ സന്ദർശിച്ച് പദ്ധതി പ്രകാരമുള്ള സഹായങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ച് ആയതിന്റെ രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ ആയത് പാലിക്കുന്നില്ല.

മേൽ മാർഗ്ഗരേഖ ഖണ്ഡിക 4.2.2.1 പ്രകാരം സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭവനരഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതികുടുംബങ്ങൾക്കും ഭവനനിർമ്മാണ സഹായം നൽകിയതിന് ശേഷം മാത്രമെ തദ്ദേശ ഭരണസ്ഥാപനത്തിലെ മറ്റു കുടുംബങ്ങൾക്ക് വീട് നൽകുവാൻ പാടുള്ളൂ.ആകെ 18 ഗുണഭോക്താക്കളുള്ളതിൽ അഞ്ച്പേർക്കാണ് പദ്ധതി അവസാനഘട്ടത്തിലെത്തിയിട്ടും നിലവിൽ ഭവനം ലഭ്യമായിട്ടുള്ളത്. ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി നൽകുകയാണ് ചെയ്തിട്ടുള്ളത്.

അഗതി രഹിത കേരളം പദ്ധതി സംബന്ധിച്ച സ.ഉ (എം എസ് )നം. 252/2017/തസ്വഭവ തി.12.12.2017 നം. ഉത്തരവ് പ്രകാരം എ എ വൈ കാർഡില്ലാത്ത അഗതി കുടുംബങ്ങൾക്ക് ആയത് ലഭ്യമാകുന്നത് വരെ റേഷൻ കടകളിൽ നിന്നോ മറ്റു സിവിൽ സപ്ലൈസ് സ്ഥാപനങ്ങളിൽ നിന്നോ ഭക്ഷ്യധാന്യം വാങ്ങിനൽകാവുന്നതും, ഭക്ഷ്യധാന്യങ്ങളുടെയും പരിപ്പു വർഗ്ഗങ്ങളുടെയും വിതരണം സി ഡി എസും ബന്ധപ്പെട്ട അയൽക്കൂട്ടങ്ങളും ഉറപ്പു വരുത്തേണ്ടതുമാണ്. റേഷൻ കടകളിൽ നിന്നും ലഭ്യമാകുന്നതിൽ കൂടുതൽ ധാന്യം നൽകേണ്ടതുണ്ടെങ്കിൽ മാത്രമാണ് സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകാവുന്നത്. റേഷൻകാർഡില്ലാത്ത അഗതി കുടുംബങ്ങൾക്ക് ആയത് ലഭ്യമാകുന്നത് വരെ പരമാവധി ഒരു വർഷത്തേക്ക് മാത്രമാണ് നൽകാവുന്നത്. പോഷകാഹരകുറവുള്ള ഗുണഭോക്താക്കൾക്ക് ആവശ്യമായ ഭക്ഷണ സാധനങ്ങൾ പി എച്ച് സി മെഡിക്കൽ ഓഫീസറുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതും, പോഷണത്തിൽ ഉണ്ടാകുന്ന പുരോഗതി വിലയിരുത്തേണ്ടതും ഒരു ഹെൽത്ത് കാർഡിൽ വിവരം രേഖപ്പെടുത്തി നിരീക്ഷിക്കേണ്ടതുമാണ്.

എന്നാൽ അപ്രകാരം യാതൊരു നടപടിയും സ്വീകരിക്കാതെ തൻവർഷം ഭക്ഷ്യകിറ്റിന്റെ കൂടെ ബിരിയാണി അരി വാങ്ങി(126 കി.ഗ്രാം), പാൽപ്പൊടി (126 കി.ഗ്രാം), എന്നിവ യഥേഷ്ടം വാങ്ങി നൽകിയിട്ടുണ്ട്. അപാകതക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

ഭക്ഷ്യധാന്യങ്ങൾ വാങ്ങി നൽകുന്നതിനപ്പുറം പ്രവർത്തനങ്ങൾ നടത്തിട്ടില്ല. നിലവിൽ ഭക്ഷ്യകിറ്റും ലഭ്യമാക്കുന്നില്ല. 7,07,598.24രൂപ നീക്കിയിരിപ്പുണ്ടെങ്കിലും പ്രവർത്തനം നിലച്ച അവസ്ഥയിലാണ്.

പദ്ധതിയുടെ പുരോഗതി വിലയിരുത്തുവാൻ ചുമതലപ്പെട്ട വിലയിരുത്തൽ സമിതിയുടെ പ്രവർത്തനവും നാമമാത്രമാണ്. പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തുകയോ മറ്റുതരത്തിലുള്ള ഇടപെടലുകളോ സമിതി

നടത്തിയതായി വിവരമില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 31/2023-24 /26.07.24- മറുപടി ലഭ്യമാക്കിയില്ല)

## 1-22 തൊഴിലുറപ്പ് പദ്ധതി - അപാകതകൾ

തൊഴിലുറപ്പ് പദ്ധതിയിൽ തൻവർഷം വാർഷിക കണക്ക് പ്രകാരം 2,33,35,877 രൂപ ചെലവുണ്ട്

പദ്ധതി സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)2023-24 വർഷത്തിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് പ്രവൃത്തി സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് 1750 രൂപ വീതം തൻവർഷം നടപ്പിലാക്കിയ ഓരോ പ്രവൃത്തിയിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ തുക ആർക്കാണ് നൽകിയത് എന്ന് വ്യക്തമല്ല. വിവരം ആവശ്യപ്പെട്ടതിൽ 2022-23 വർഷം ക്വട്ടേഷൻ ക്ഷണിച്ചതിന്റെ ഗ്രാമപഞ്ചായത്ത് തീരുമാനമാണ് ലഭ്യമാക്കിയത്. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഒരേ അളവിലുള്ള ബോർഡുകളാണ് എല്ലാ പ്രവൃത്തികൾക്കും ഉപയോഗിക്കുന്നത് എന്നും വ്യക്തമല്ല. എം ബുക്കിൽ അതിന്റെ മെഷർമെന്റ് രേഖപ്പെടുത്തുന്നുമില്ല.

2) പൂർത്തീകരിച്ച മുഴുവൻ പ്രവൃത്തികളിലും മുഴുവൻ പേമെന്റും നടത്തിയതിന്റെ വിവരം ഫയലിൽ ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരിച്ച പ്രവൃത്തികളുടെ ഫോട്ടോകൾ ഭൂരിഭാഗം പ്രവൃത്തികളിലും ഇല്ല.

3) പ്രവൃത്തി സംബന്ധിച്ച മസ്റ്റർറോളിൽ ഒന്നിലും പ്രവൃത്തി പരിശോധിച്ച എഞ്ചിനീയർ/പരിശോധനക്ക് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രവൃത്തികളോ രേഖകളോ ഗ്രാമപഞ്ചായത്തിൽ ചാർജിങ് ഓഫീസർ പരിശോധന നടത്തിയതായോ പദ്ധതി മോണിറ്ററിംഗ് നടത്തിയതായോ വിവരമില്ല

4) ബ്ലോക്ക്തല പ്രോഗ്രാം ഓഫീസർ ഒപ്പുവെച്ച് സീൽ പതിപ്പിക്കാത്ത മസ്റ്റർ റോൾ ചാർജിങ് ഓഫീസറായ അസിസ്റ്റന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി പ്രവൃത്തിക്കായി ഉപയോഗിച്ചതും ശ്രദ്ധയിൽപ്പെട്ടു, (വാർഡ് നം. 6 തൊഴുത്ത് നിർമ്മാണം കല്ല്യാണി പ്രവൃത്തി ) അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

5)ടെണ്ടറുകൾ ക്ഷണിക്കുമ്പോൾ പ്രസ്തുത പ്രവൃത്തിക്ക് (കുറഞ്ഞത് രണ്ട് ടെണ്ടറുകൾ ലഭ്യമാകേണ്ടതുണ്ട് .( എന്നാൽ പദ്ധതി മുഖേന നടപ്പാക്കിയ മിനി എം സി എഫ് നിർമ്മാണം (ആറ് പ്രവൃത്തികൾ) പദ്ധതിക്ക് ഒരു ടെണ്ടർ ലഭിച്ചത് മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. അപാകതക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

6) 2023-24 വർഷത്തിൽ നടപ്പിലാക്കിയ വിവിധ തോടുകളുടെ പുനരുദ്ധാരണവും കയർ ഭൂവസ്ത്രം വിരിക്കലും പ്രവൃത്തികൾക്കായി (ആകെ 11 എണ്ണം) 40 റോൾ (2x50, ഏരിയ 4000 ) FOAM MATTINGS INDIA LTD ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും 2,94,000 രൂപ ചെലവിൽ (ഇൻവോയിസ് നം. INV 57/ 28.04.2022 )വാങ്ങിയ കയർ ജിയോടെക്സ്റ്റൈൽ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ സ്റ്റോക്ക് ഇഷ്യൂ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 2023-24 വർഷത്തിൽ പർച്ചേസ് നടത്തിയിട്ടുണ്ടോയെന്നും വ്യക്തമല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 33/2023-24/27.07.24-മറുപടി ലഭ്യമാക്കിയില്ല.)

## 1-23 സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപണി പദ്ധതി- അപാകതകൾ

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം. 283/24

തെരുവ് വിളക്ക് റിപ്പയർ (സ്പിൽ ഓവർ )

വിനിയോഗിച്ച തുക – 57,600 രൂപ (തനത് ഫണ്ട്)

വൗച്ചർ നം.22300228/30.06.2023 – 56,448രൂപ

വൗച്ചർ നം.22300272/04.07.2023 –1,152രൂപ

നിർവ്വഹണം - സെക്രട്ടറി

ചീക്കോട് ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും സാധനങ്ങൾ വിതരണം ചെയ്യുന്നതിന് സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞതുക ക്വാട്ട് ചെയ്ത എ.കെ.എഞ്ചിനീയറിംഗ് തൃശ്ശൂർ എന്ന സ്ഥാപനത്തിന് തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിനായി സാധനങ്ങൾ വാങ്ങിയ ഇനത്തിലുള്ള ബാക്കി തുക നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. ടെണ്ടർ മുഖേന തെരഞ്ഞെടുത്ത ശ്രീ.യൂനസ് സലീം, അമ്മിണിക്കാട്ടുചാലി വീട്, ഓമാനൂർ (പി.ഒ) എന്നയാൾ മുഖേനയാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പ്രവൃത്തി സംബന്ധിച്ച ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011 പ്രകാരം ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

I)സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിനായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ ഐ എസ് ഐ മാർക്കുള്ളവയാകണം

Ii)കെ എസ് ഇ ബി നിരക്കിനെക്കാൾ ഉപകരണങ്ങളുടെ തുക അധികരിക്കുവാൻ പാടില്ല.

Iii) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതി വാങ്ങണം,കെ എസ് ഇ ബി യുടെ സൂപ്പർ വിഷനിൽ പ്രവർത്തികൾ ചെയ്യണം.

Iv) പദ്ധതി ആരംഭിക്കുന്നതിനു മുൻപ് ആയവ സംബന്ധിച്ച് കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തേണ്ടതാണ്.

എന്നാൽ ആയവ പാലിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

2) പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിലെ പ്രവർത്തന രഹിതമായ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ വിവര ശേഖരണം നടത്തിയിട്ടില്ല.

കീഴിശ്ശേരി, എടവണ്ണപ്പാറ ,മുണ്ടക്കുളം എന്നീ മൂന്ന് ഇലക്ട്രിക്കൽ ഡിവിഷനുകൾക്ക് കീഴിലാണ് ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളും ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത ഡിവിഷനുകളിൽ ഉൾപ്പെട്ടിട്ടുള്ള തെരുവ് വിളക്കുകളെ സംബന്ധിച്ച കൃത്യമായ വിവരം (വിവിധ വാർഡുകളിലെ ന്ന തെരുവുവിളക്കുകളുടെ എണ്ണം, ഇനം ,വാട്സ് എന്നിവ ഉൾപ്പെടെ) ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.(ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011). കൂടാതെ,ഈ പദ്ധതികൾ പ്രകാരം റിപ്പയർ ചെയ്ത തെരുവുവിളക്കുകളുടെ വിവരവും രജിസ്റ്ററിൽ ചേർത്തിട്ടില്ല.

3)കെ എസ് ഇ ബിയിൽ നിന്നും ക്ലിയറൻസ് വാങ്ങിയ ശേഷം മാത്രമേ സപ്ലേ ഓർഡർ നൽകാവൂ എന്ന് സ.ഉ(സാധാ)നം.3140/2015/തസ്വഭവ തി.16.10.2015 പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്.ആയത് പാലിച്ചിട്ടില്ല. പ്രവർത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രവും പ്രസ്തുത ഡിവിഷനുകളിൽ നിന്നും ലഭിച്ചിട്ടില്ല. കെ എസ് ഇ ബി ഇലക്ട്രിക് പോസ്റ്റിലാണ് പ്രവൃത്തി നടക്കുന്നത് എന്നതിനാൽ കെ എസ് ഇ ബി മേൽനോട്ടത്തിലാണ് പ്രവൃത്തിനടത്തിയതെന്ന് വ്യക്തമല്ല.

വാർഡ് മെമ്പർമാർ സമർപ്പിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത്.

4)തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൽ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച ഒരു മെയിന്റനൻസ് രജിസ്റ്ററും സൂക്ഷിയ്ക്കേണ്ടതാണ്.(പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് നം. /പ്രദേശം/വാർഡ് ,വിവരം നൽകുന്ന ആളിന്റെ പേരും ഫോൺനമ്പർ ,അറ്റകുറ്റപണി നടത്തിയ തീയ്യതി,ഇലക്ട്രീഷ്യന്റെ ഒപ്പ് ,നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ രജിസ്റ്റർ ).ആയതും പാലിച്ചിട്ടില്ല.

ഈ ആവശ്യം മുൻനിർത്തി പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ നിർദ്ദേശമുള്ളതാണ്. ആയതും പാലിച്ചിട്ടില്ല. പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടുമില്ല.

5)എ.കെ.എഞ്ചിനീയറിംഗ് തൃശ്ശൂർ ചമച്ച കരാർ പരിശോധിച്ചതിൽ കരാർ ചമച്ച മുദ്ര പേപ്പർ പവർ കൺട്രോൾ എഞ്ചിനീയേഴ്സ് എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ളതാണെന്ന് കണ്ടു. അതേസമയം പ്രസ്തുത സ്ഥാപനം സമർപ്പിച്ച പ്രാഥമിക കരാറിന്റെ മുദ്ര പത്രം എ.കെ.എഞ്ചിനീയറിംഗ് തൃശ്ശൂർ എന്ന പേരിൽ ഉള്ളത് തന്നെയാണ്. ഇതിൽ നിന്നും എ.കെ.എഞ്ചിനീയറിംഗ് തൃശ്ശൂർ നും പവർ കൺട്രോൾ എഞ്ചിനീയേഴ്സ് നും വേണ്ടി ടെണ്ടർ സമർപ്പിച്ചത് ഒരേ വ്യക്തി/ സ്ഥാപനം തന്നെയാണ് എന്ന് വ്യക്തമാണ്. എ.കെ.എഞ്ചിനീയറിംഗ് തൃശ്ശൂർ കരാർ ചമച്ച മുദ്രപ്പത്രം സ്വന്തം പേരിലുള്ളത് അല്ലാത്തതിനാൽ ഈ കരാറിന് നിയമപരമായ നിലനില്പില്ല. ഈ അപാകതകൾ നിലനിൽക്കെ തന്നെ എ.കെ.എഞ്ചിനീയറിംഗ് തൃശ്ശൂർ മായി കരാറിൽ ഏർപ്പെട്ട് സാധനങ്ങൾ വാങ്ങിയത് ക്രമപ്രകാരമല്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും( നം. 28/2023-24/26.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 57,600 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 തെരുവ് വിളക്ക് റിപ്പയർ പദ്ധതി- ഉപകരണങ്ങൾ വാങ്ങി – പദ്ധതി നടപ്പിലാക്കിയില്ല

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. 23/24

തെരുവ് വിളക്ക് റിപ്പയർ

വിനിയോഗിച്ച തുക – 2,91,458 രൂപ (തനത് ഫണ്ട്)

വൗച്ചർ നം.22301103/25.03.2024 – 2,00,570രൂപ

വൗച്ചർ നം.22301002/09.03.2024 – 90,888രൂപ

നിർവ്വഹണം - സെക്രട്ടറി

കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഏഷ്യൻ മാർക്കറ്റിങ് വാഴക്കാട് മലപ്പുറം എന്ന സ്ഥാപനം മുഖേന തെരുവ് വിളക്ക് റിപ്പയർ നടത്തുന്നതിനായി ഉപകരണങ്ങൾ വാങ്ങുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.

പദ്ധതി സംബന്ധിച്ച് രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന വസ്തുതകൾ വെളിവായി.

1) തെരുവ് വിളക്ക് റിപ്പയർ നടത്താതെ ഉപകരണങ്ങൾ വാങ്ങി സ്റ്റോക്കിലെടുത്ത് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു. പദ്ധതി നടപ്പിലാക്കിയിട്ടില്ല.

2)ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011 പ്രകാരം കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകൾ സംബന്ധിച്ച വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണ് . അപ്രകാരം വിവരശേഖരണം നടത്തിയിട്ടില്ല.

കിഴിശ്ശേരി, എടവണ്ണപ്പാറ ,മുണ്ടക്കുളം എന്നീ മൂന്ന് ഇലക്ട്രിക്കൽ ഡിവിഷനുകൾക്ക് കീഴിലാണ് ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളും ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത ഡിവിഷനുകളിൽ ഉൾപ്പെട്ടിട്ടുള്ള തെരുവ് വിളക്കുകളെ സംബന്ധിച്ച കൃത്യമായ വിവരം (വിവിധ വാർഡുകളിലെ തെരുവുവിളക്കുകളുടെ എണ്ണം, ഇനം ,വാട്സ് എന്നിവ ഉൾപ്പെടെ) ഗ്രാമപഞ്ചായത്തിൽ ഇല്ല.

3)ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ പ്രോക്യൂർമെന്റ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് വിലയിരുത്തുവാൻ ചേർന്ന യോഗത്തിൽ ആയവ പരിശോധിക്കുവാൻ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പങ്കെടുത്തിട്ടില്ല എന്ന് വ്യക്തമായി.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29/2023-24/17.07.2024)നൽകിയ മറുപടിയിൽ നിലവിൽ (2024-25 വർഷത്തിൽ)പദ്ധതി നടപ്പാക്കി വരുന്നതായി അറിയിച്ചു.ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും കാട്ടുപന്നി തുടങ്ങിയ മൃഗങ്ങളുടെ ശല്യം കാരണവും വെളിച്ചത്തിന്റെ പ്രശ്നം പരിഹരിക്കുന്നതിനാണ് പദ്ധതിയിൽ മുൻഗണന നൽകിയത് എന്നറിയിച്ചു. എന്നാൽ മേൽ പരാമർശങ്ങളക്ക് വ്യക്തമായ മറുപടി നൽയില്ല.
പദ്ധതി പൂർത്തീകരിച്ച് മേൽ അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. അതുവരെയും പദ്ധതിക്കായി ചെലവഴിച്ച 2,91,458 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-25 ദുരിതാശ്വാസ നിധി രൂപീകരിച്ചില്ല

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. ഈ ആവശ്യത്തിലേക്കായി ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും വരവ് ചെലവുകൾ രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ കേരള ഗ്രാമീൺ ബാങ്കിൽ (അക്കൗണ്ട് നം. 40153101078327) ദുരിതാശ്വാസ നിധിക്കായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. എന്നാൽ ആയത് സീറോ ബാലൻസ് ആണ്. ദുരിതാശ്വാസ നിധി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.
വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 30/2023-24/26.07.2024)വരും ദിവസങ്ങളിൽ ദുരിതാശ്വാസ നിധിയിലേക്ക് പണം സ്വരൂപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുന്നതാണെന്നറിയിച്ചു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-26 കൃഷി ഓഫീസറുടെ രസീത് ബുക്ക് ഉപയോഗം - അപാകത

നിർവ്വഹണം : കൃഷി ഓഫീസർ

പദ്ധതി. : 141/2023-24 പച്ചക്കറി കൃഷി- വിഷരഹിത ചീക്കോട്

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഗുണഭോക്തൃ വിഹിതം ഇനത്തിൽ 233 രൂപ വീതം, രസീത് ബുക്ക് നം. 32358 ലെ 16 മുതൽ 30 വരെ രസീതുകളിലായി 15 ഗുണഭോക്താക്കളിൽ നിന്നായി ആകെ 3495 രൂപ 25.03.24 തിയതിയിൽ പിരിച്ചെടുത്ത് ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

എന്നാൽ മേൽ രസീത് ബുക്കിലെ 1 മുതൽ 15 വരെ രസീതുകളിലും തിയതി രേഖപ്പെടുത്താതെ, ഇതേ പദ്ധതി ഗുണഭോക്തൃ വിഹിതം എന്നപേരിൽ മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ പേരിൽ 300 രൂപ വീതം പിരിച്ചെടുത്തതായി രേഖപ്പെടുത്തുകയും കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ശേഷം മേൽ രസീതുകളും കളക്ഷൻ രജിസറ്ററിലെ രേഖപ്പെടുത്തലുകളും കാൻസൽ ചെയ്ത് കളയുകയും ചെയ്തിട്ടുണ്ട്.

മേൽ പരാമർശിച്ച രസീതുകൾ കാൻസൽചെയ്തതിന്റെ കാരണമോ തുക കളക്ട് ചെയ്തെങ്കിൽ കളക്ട് ചെയ്ത തുക എന്ത് ചെയ്തു എന്നത് സംബന്ധിച്ച വിവരമോ ലഭ്യമാക്കിയിട്ടില്ല. രസീതുകൾ കാൻസൽ ചെയതപ്പോൾ കാരണം രേഖപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. രസീതികളിൽ തിയതി രേഖപ്പെടുത്തിയിട്ടില്ല. മേൽ രസീത് ബുക്കിലെ അവശേഷിക്കുന്ന രസീതുകൾ സാമ്പത്തിക വർഷം അവസാനിച്ചിട്ടും കാൻസൽ ചെയ്തിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 35/27.07.24 ന് കൃഷി ഓഫിസർ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-27 അംഗനവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്നു .

ഗ്രാമപഞ്ചായത്തിലെ അംഗനവാടികളുടെ കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.20/25.07.24ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടി പ്രകാരം, പഞ്ചായത്തിനു കീഴിൽ ആകെ 39 അംഗനവാടികളാണുള്ളത്. ഇതിൽ 34 അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്. 5 അംഗനവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിയ്ക്കുന്നത്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 3 അംഗനവാടികൾക്കു സ്ഥലം ലഭ്യമായിട്ടുണ്ടെങ്കിലും കെട്ടിടം നിർമ്മിച്ചിട്ടില്ല. 2 എണ്ണത്തിന് സ്ഥലം ലഭ്യമാകാനുണ്ട്. സ്ഥലവും സ്വന്തമായി കെട്ടിടവും ലഭ്യമല്ലാത്ത അംഗനവാടികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)സ്ഥലം ലഭ്യമാകാത്തവ

| ക്രമനം | സെന്ററിന്റെ പേര് | വാർഡ് /സെന്റർ നം |
|---|---|---|
| 1 | അമ്പലത്തിങ്ങൽ | 10/13 |
| 2 | പടിയഞ്ചാലിൽ | 8/17 |

2)വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്നവ

| ക്രമനം | സെന്ററിന്റെ പേര് | വാർഡ് /സെന്റർ നം |
|---|---|---|
| 1 | അമ്പലത്തിങ്ങൽ | 10/13 |
| 2 | പടിയഞ്ചാലിൽ | 8/17 |
| 3 | ചുങ്കം മാങ്കടവ് | 3/26 |
| 4 | പുതിയോളിൽ | 10/28 |
| 5 | കവുക്കൽ | 7/32 |

മേൽ അംഗനവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ നിലവിലെ വിവരം ലഭ്യമായിട്ടില്ല.

അവശേഷിയ്ക്കുന്ന അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിനും, കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും മറ്റു ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ഊർജിത ശ്രമങ്ങൾ/നടപടികൾ ഭരണസമിതിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## 1-28 ഭിന്ന ശേഷി കലോത്സവം- ക്വട്ടേഷൻ, മറ്റ് അപാകതകൾ

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി. : 210/2023-24 ഭിന്ന ശേഷി കലോത്സവം

അടങ്കൽ: : 75000/-(₹75000-വികസന ഫണ്ട്-ജനറൽ)

ചെലവ് : 75000/-(₹75000-വികസന ഫണ്ട്-ജനറൽ)

ബിൽ നം. 2315105203970147 9943/24.03.24

ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കൈപ്പറ്റിയ വ്യക്തി/സ്ഥാപനം | തുക | ബാങ്ക് അക്കൗണ്ട് നമ്പർ | ഇനം/വക |
|---|---|---|---|---|
| 1 | കബീർ കെ | 23500 | 401513100106932 | ഭക്ഷണം വിതരണം |
| 2 | ഷിജില മുഹ്സിന ഒ.കെ | 8710 | 39015458172 | മേക്കപ്പ് ഡ്രസ്സ് വാടക മറ്റുള്ളവ |
| 3 | അഷ്റഫ് എം.കെ | 17240 | 40153101050543 | ലൈറ്റ്&സൗണ്ട് |
| 4 | അബിൻ അരീബ് എ.കെ | 3550 | 67236588916 | പ്രിന്റിംഗ്/ബാനർ |
| 5 | നൃ തഹാനി | 22000 | 42256807850 | സമ്മാനം-മഗ്ഗ്, പ്ലേറ്റ്.. |
| ആകെ | | 75000/- | | |

പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ-ജി.ഒ(പി) നം. 259/2010/ത.സ്വ.ഭ.വ തിയതി 08.11.2010 പ്രകാരം 5000 രൂപക്ക് മുകളിലും 25000 രൂപക്ക് താഴെയുമുള്ള ചെലവുകൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പട്ടികയിലെ ക്രമ നം.1, 3, 5 എന്നിവ പ്രകാരമുള്ള ചെലവുകൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

2) നൃ തഹാനി എന്ന സ്ഥാപനത്തിന്റെ ഒഴികെ, ഇൻവോയ്സുകൾ/ക്വട്ടേഷനുകൾ സമർപ്പിച്ച വ്യക്തികളുടെ/ സ്ഥാപനങ്ങളുടെ ക്വട്ടേഷനുകളിലോ ഇൻവോയ്സുകളിലോ കൈപ്പറ്റുകളിലോ സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ രേഖപ്പെടുത്തുകയോ ആയതിന്റെ കൂടെ ബാങ്ക് പാസ്സ്ബുക്ക് പകർപ്പ് ഹാജരാക്കുകയോ, വ്യക്തികൾ അവർക്കുള്ള തുക ഇന്ന അക്കൗണ്ടിലേക്ക് നൽകണമെന്ന് രേഖാമൂലം അപേക്ഷിക്കുകയോ ചെയ്യാത്തതിനാൽ അതത് സ്ഥാപനങ്ങൾക്ക്/വ്യക്തികൾക്ക് തന്നെയാണോ തുക അനുവദിച്ചത് എന്നത് ഉറപ്പ് വരുത്താനായിട്ടില്ല.

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാത്തതുൾപ്പടെയുള്ള അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 26/26.07.24ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. 2ൽ സൂചിപ്പിച്ച സ്ഥാപനങ്ങളുടെ ബാങ്ക് പാസ്സ്ബുക്ക് പകർപ്പുകളും കൈപ്പറ്റുകളും ഹാജരാക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥ നിലവിൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ നിലവിലുള്ള സൂപ്പർവൈസറെ ക്വട്ടേഷൻ സംബന്ധിച്ച വിവരങ്ങൾ ധരിപ്പിച്ചതായും ബോധിപ്പിച്ചു. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും അപാകതകൾ ആവർത്തിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-29 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചിട്ടില്ല.

സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി. 19.04.2022 ഖ.3.1.2 എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ തലങ്ങളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക, പ്രോജക്ടുകളുടെ അടങ്കൽ തുകയെ കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തുക, പ്രോജക്ടുകളുടെ യുക്തി, ക്ഷമത, പ്രായോഗികത, അനുയോജ്യത എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുക, വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയതിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ.

ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സുകൾ പരിശോധിച്ചതിൽ പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുക മാത്രമാണ് യോഗങ്ങളിൽ നടന്നിട്ടുള്ളത് എന്ന് കാണുന്നു. 2023-24 വാർഷിക പദ്ധതി രൂപീകരണത്തിന് വേണ്ടി കരട് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി ഒന്നോ രണ്ടോ യോഗങ്ങൾ മാത്രമാണ് എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും ചേർന്നിട്ടുള്ളതെന്ന് കാണുന്നു.

വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും ഗുണമേൻമ ഉറപ്പ് വരുത്തേണ്ടതുമാണെന്ന് മേൽ ഉത്തരവിൽ ഖണ്ഡിക-14 ൽ വ്യക്തമാക്കിയിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റികൾ പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് നിർവ്വഹണ ഘട്ടത്തിൽ നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേൻമയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി മോണിറ്ററിംഗ് കമ്മിറ്റിക്ക് അഭിപ്രായങ്ങളോ നിർദ്ധേശങ്ങളോ നിർവ്വഹണോദ്യോഗസ്ഥന് നൽകാവുന്നതാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ

ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മിനുട്സുകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ അതാത് മേഖലകളിലെ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പുകൾ അവയിൽ നിക്ഷിപ്തമായ നിയമപരമായ കടമകൾ നിർവ്വഹിക്കേണ്ടതും അതു വഴി കാര്യക്ഷമമായ മോണിറ്ററിംഗ് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-30 അസി.എഞ്ചിനീയറുടെ രേഖകളുടെ സൂക്ഷിപ്പ്

1. ക്യാഷ് ബുക്ക്

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നമ്പർ ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്. അസി. എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്യാഷ് ബുക്കിലെ രേഖപ്പെടുത്തലുകൾ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കുന്നില്ല. ക്യാഷ് ബുക്കിൽ ഒരിടത്ത് പോലും അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് /ട്രഷറി അക്കൗണ്ടുകളിലെ വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല. അത് കൊണ്ട് തന്നെ ക്യാഷ് ബുക്കിൽ എല്ലാ പണമിടപാടുകളും പ്രതിഫലിക്കുന്നില്ല. ബാങ്ക് /ട്രഷറി അക്കൗണ്ടുകളിൽ വൻ തുക ബാലൻസായി നില നിൽക്കുന്ന സാഹചര്യത്തിൽ പ്രസ്തുത അക്കൗണ്ടുകളിലെ പണമിടപാടുകൾ ക്യാഷ് ബുക്കിൽ എൻട്രി വരാതിരിക്കുന്നത് ഗൗരവമർഹിക്കുന്നു.

3. കാഷ്ബുക്കിൽ ദൈനംദിന/പ്രതിമാസ / വാർഷിക ക്ലോസിംഗ് നടത്തിയിട്ടില്ല.

4. പണമിടപാടുകളുടെ കൃത്യമായ വിവരം രേഖപ്പെടുത്തുന്നില്ല. വരവ് തുകയുടെ Source, രശീതി നം./ ബിൽ നം. എന്നിവ വരവ് ഭാഗത്തും ചെലവ് ഭാഗത്ത് വൗച്ചർനം., തിയതി തുടങ്ങിയ വിവരങ്ങളും എൻട്രി വരുത്തുന്നില്ല. ഓരോ പണമിടപാടുകളും കൃത്യമായി തിയ്യതി, ക്ലാസിഫിക്കേഷൻ എന്നിവ സഹിതം രേഖപ്പെടുത്തുകയോ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

നിർദ്ദിഷ്ട രീതിയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കാത്തതിനാൽ പണമിടപാടുകളുടെ കൃത്യമായ അക്കൗണ്ടിംഗും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനും പണമിടപാടുകൾ നിരീക്ഷിക്കുന്നതിനും സംവിധാനമില്ല.

II. എഗ്രിമെന്റ് റജിസ്റ്റർ

എഗ്രിമെന്റ് റജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും (Amount Of Contract, Agreed Date Of Completion Etc.) രേഖപ്പെടുത്തുകയോ ഓരോ എഗ്രിമെന്റിന് നേരെയും അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല

III. ടെണ്ടർ റജിസ്റ്റർ

ഓരോ ടെണ്ടറുകളും അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നില്ല.

IV. സ്റ്റോക്ക് റജിസ്റ്റർ

ഓഫീസ് ആവശ്യത്തിന് വേണ്ടി വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവയുടെ കൃത്യമായ സ്പെസിഫിക്കേഷൻ, വാറണ്ടി പീരിഡ് എന്നിവ രേഖപ്പെടുത്തുകയോ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-21/25.7.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ സൂക്ഷിക്കുന്നതിലും അവ യഥാസമയം പരിശോധിക്കുന്നതിലും അസി.എഞ്ചിനീയർ വീഴ്ച വരുത്തിയതായി കാണുന്നു . ഇക്കാര്യത്തിലുള്ള അനാസ്ഥ ഒഴിവാക്കേണ്ടതാണ്.

## 1-31 കിണർ റിംഗിന്റെ പിൻ വശത്ത് 6എം.എം. ബേബി മെറ്റൽ നിറക്കുന്നതിന് അധിക നിരക്ക്- 35030 രൂപ അധികം നൽകി

ചുവടെ ചേർത്തിട്ടുള്ള കിണർ നവീകരണ പ്രവൃത്തിയിൽ റിംഗ് സ്ഥാപിച്ച് ആയതിന്റെ പിൻവശത്ത് 6എം.എം. ബേബി മെറ്റൽ നിറക്കുന്നതിന് OD 386052/2022-23 പ്രകാരം 11061.56/M3 എന്ന നിരക്കാണ് നൽകിയിട്ടുള്ളത്. മേൽ പ്രവൃത്തിക്ക് ഡാറ്റ പ്രകാരം അനുവദനീയമായ നിരക്ക് 2307.08/M3 ആണ്. ലേബർ കണക്കാക്കിയപ്പോൾ ഡാറ്റയിൽ 0.1 ദിവസം എടുക്കുന്നതിന് പകരം 10 ദിവസം എന്ന് തെറ്റായി രേഖപ്പെടുത്തിയതിനാലാണ് ഈ അപാകത വന്നിട്ടുള്ളത്.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മറ്റ് കിണർ നവീകരണ പ്രവൃത്തികളിലെല്ലാം 2307.08/M3 എന്ന അർഹമായ നിരക്കാണ് നൽകിയിട്ടുള്ളത്. തെറ്റായ ഡാറ്റ തയ്യാറാക്കി അധിക നിരക്ക് നൽകിയത് വഴി കരാറുകാരന് അധിക തുക നൽകാനിടയായിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് വിശദാംശങ്ങൾ | ഫില്ലിംഗ് നടത്തിയ അളവ് | നൽകാവുന്ന തുക | നൽകിയ തുക | അധികം |
|---|---|---|---|---|
| ഗവ. ആയുർവേദ ആശുപത്രി കിണർ നവീകരണം<br>പ്രോജക്റ്റ് നം. 340/24<br>അടങ്കൽ-221000<br>ഫണ്ട്- സി.എഫ്.സി.<br>ടി.എസ് നം. 102228/2022-23<br>DSR-2018,Cost Index-36.44%,GST-18%<br>കരാറുകാരൻ- ശ്രീ.ശിഹാബുദ്ധീൻ. സി,<br>(എസ്റ്റിമേറ്റ് നിരക്കിൽ)<br>എഗ്രിമെന്റ് നം. 132/23.3.2023<br>ചെലവ് തുക-220770<br>വൗച്ചർ നം.XVFC/2023-24/P/26, തീ-8.9.2023<br>എം ബുക്ക്- ഇ എം ബുക്ക് | 3.391 M3<br>(2*3.14*1.8*.3) | 3.391*2307.08<br>=7823.30 | 3.391*11061.56<br>=37509.75 | 29686.45 + GST 18%<br>=35030 |

തുക തിരികെ ഈടാക്കാതിരിക്കാൻ വിശദീകരണമുണ്ടെങ്കിൽ രേഖാമൂലം നൽകേണ്ടതാണെന്നും അല്ലാത്തപക്ഷം അധികം നൽകിയ35030 രൂപ ടി- കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണെന്നും അറിയിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ - 5/23.7.2024 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 35030 രൂപ തെറ്റായ നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറുടേയും പ്രസ്തുത എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ അസി.എക്സി.എഞ്ചിനീയറുടേയും ബാധ്യതയായി കണക്കാക്കുന്നു.

## 1-32 ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാത്തതിൽ അപാകത- അധിക തുക നൽകി

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയിൽ കരാറുകാരന് ബിൽ തുക നൽകിയപ്പോൾ കരാറുകാരൻ ടെണ്ടറിൽ ക്വാട്ട് ചെയ്ത 15.7% ടെണ്ടർ വ്യതിയാനം കുറവ് ചെയ്യുന്നതിന് പകരം 13.7% മാത്രമാണ് ബിൽ തുകയിൽ നിന്നും കുറവ് ചെയ്തിട്ടുള്ളത്. ആയതിനാൽ കരാറുകാരന് ചുവടെ ചേർത്തിട്ടുള്ള വിധം അധിക തുക നൽകാനിടയായിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് വിശദാംശങ്ങൾ | കരാറുകാരന് നൽകാവുന്ന തുക | നൽകിയ തുക | അധികം |
|---|---|---|---|
| കൊടക്കാട് കുടിവെള്ള പദ്ധതി നവീകരണം<br>പ്രോജക്റ്റ് നം. 296/24<br>അടങ്കൽ-130000<br>ഫണ്ട്- സി.എഫ്.സി.<br>ടി.എസ് നം. 107466/2022-23 | പ്രവൃത്തി മൂല്യം-105315<br>(-) Tender Variation<br>15.7% - 16534<br>= 88781 | പ്രവൃത്തി മൂല്യം-105315<br>(-) Tender Variation<br>13.7% - 14428<br>= 90887 | 2409 |

| | | | |
|---|---|---|---|
| DSR-2018,Cost Index-36.44%,GST-18%<br>കരാറുകാരൻ- ശ്രീ. എം.കെ. അബ്ദുറഹ്മാൻ<br>(15.7% Below )<br>എഗ്രിമെന്റ് നം. 140/25.3.2023<br>ചെലവ് തുക-107247<br>വൗച്ചർ നം.XVFC/2023-24/P/56, തി-15.12.2023<br>എം ബുക്ക്- ഇ എം ബുക്ക്<br>പ്രവൃത്തി മൂല്യം-105315 | (+) 18% GST 15981<br>= 104762<br>(-) GST 2% 1780<br>(-) IT 1% 890<br>(-) WF 1% 890<br>= 101202 | (+) 18% GST 16360<br>= 107247<br>(-) GST 2% 1818<br>(-) IT 1% 909<br>(-) WF 1% 909<br>= 103611 | |

അധികം നൽകിയ 2409 രൂപ ടി- കരാറുകാരനിൽ നിന്നും തിരികെ ഈടാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 8/23.7.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 2409 രൂപ ബിൽ തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-33 അസി.എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടുകളിൽ കണക്കിൽ പെടാത്ത പണം അവശേഷിക്കുന്നു.

എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എടവണ്ണപ്പാറ SBI യിൽ ഉള്ള 38709496988 നമ്പർ അക്കൗണ്ടിലും കൊണ്ടോട്ടി സബ്ട്രഷറിയിലുള്ള 799011400002025 സ്പെഷൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലും നീക്കിയിരിപ്പുള്ള പണത്തിന്റെ വിവരം താഴെ നൽകുന്നു.

| ബാങ്ക് അക്കൗണ്ട് | | ട്രഷറി അക്കൗണ്ട് | |
|---|---|---|---|
| തിയ്യതി | തുക | തിയ്യതി | തുക |
| 1.4.2023 | 434074.79 | 4.4.2023 | 1587096 |
| 31.3.2024 | 4,72,347.79 | 6.7.2023 | 3,79,958 |
| 24.7.2024 | 4,72,347.79 | 03.4.24 | 11,28,996 |
| | | 2.5.2024 | 3,87,320 |
| | | 18.7.2024 | 3,87,320 |

എസ്.ബി.ഐ.ലുള്ള ബാങ്ക് അക്കൗണ്ടിൽ നിലവിൽ 472347.79 രൂപ ബാലൻസുണ്ട്. അക്കൗണ്ടിൽ ഓഡിറ്റ് വർഷത്തിൽ 38273 രൂപ വരവ് വന്നിട്ടുണ്ട്. തനത് ഫണ്ട് വർക്കുകളിൽ നിന്നും വസൂലാക്കുന്ന ആദായ നികുതി തുക ടി-വകുപ്പിലേക്ക് അടവാക്കുന്നതിന് പകരം തെറ്റായി ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് മൂലമാണ് മേൽ വരവ് വന്നിട്ടുള്ളത്. അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ചിട്ടില്ല. ട്രഷറി അക്കൗണ്ടിൽ 18.7.2024 ന് ബാലൻസ് 3,87,320 രൂപയുണ്ട്. തനത് ഫണ്ട് വകയിരുത്തിയ വർക്കുകളിൽ അസി. എഞ്ചിനീയർ റിക്വിസിഷൻ മുഖേന ആവശ്യപ്പെടുന്ന പ്രകാരം സെക്രട്ടറി കൈമാറുന്ന തുകയാണ് ട്രഷറി അക്കൗണ്ടിൽ വരുന്നത്. അതത് തിയ്യതികളിൽ കൈമാറുന്ന തുകയിൽ നിലവിൽ കരാറുകാർക്ക് നൽകുവാനുള്ള തുകയും റിക്കവറി നടത്തിയ നികുതി തുകയും നൽകിയതിന് ശേഷവും 3,87,320 രൂപ ബാലൻസ് വരുന്നതായി പല തിയ്യതികളിലെ നീക്കിയിരിപ്പ് പരിശോധിച്ചതിൽ വ്യക്തമാകുന്നുണ്ട്. അക്കൗണ്ടിൽ ബാലൻസ് വന്നിട്ടുള്ള തുക ഏതിനത്തിലുള്ള വരവാണെന്നതിൽ വ്യക്തതയില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ ഇനത്തിൽ അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ കാരണമില്ല.

അസി.എഞ്ചിനീയരുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളിലെയും വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു എങ്കിലും അസിസ്റ്റന്റ് എഞ്ചിനിയർ സൂക്ഷിക്കുന്ന കാഷ്ബുക്കിൽ ബാങ്ക് / ട്ഷറി അക്കൗണ്ടുകളിലെ പണമിടപാടുകൾ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ തന്നെ വർഷങ്ങളായി ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് എഞ്ചിനീയറിംഗ് വിഭാഗത്തിന് തിരിച്ചറിയാൻ സാധിച്ചിട്ടില്ല. അതിനാൽ തന്നെ മേൽ തുകയുടെ കൃത്യത ഉറപ്പാക്കാൻ ഓഡിറ്റിനും സാധിച്ചിട്ടില്ല.

ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം

അനുവദിച്ച തുക/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വേണ്ടി ലഭിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനിയർമാർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് വ്യക്തമാകുന്നത്.

ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്ന് കണ്ടെത്തി വകുപ്പുകൾക്ക് / വ്യക്തികൾക്ക് കൈമാറി വിവരം അറിയിക്കണമെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിരുന്നതാണ്. ഇക്കാര്യത്തിൽ ഒരു തുടർ നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക ഇൻകം ടാക്സ് ഇനത്തിൽ ഏകദേശം 2019 മുതൽ 2023-24 വരെയുള്ള തനത് ഫണ്ടിന്റെ ഇൻകം ടാക്സ് തുകയാണെന്നും (കരാറുകാരുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത് ഇൻകം ടാക്സ് വകുപ്പിൽ ചലാൻ അടക്കേണ്ട തുക), ട്രഷറി അക്കൗണ്ടിൽ ഉള്ളതിൽ കരാറുകാർക്ക് നിലവിൽ തുക ഒന്നും നൽകാനില്ല എന്നും എന്നാൽ നീക്കിയിരിപ്പ് തുക എന്താണെന്ന് ട്രഷറിയിൽ അന്വേഷിച്ചതിൽ അത് ബില്ല് സമർപ്പിച്ചിട്ടും സമയത്ത് പാസാകാത്ത ബില്ലിന്റെ ജി.എസ്.ടി കാലാവധി കഴിയുമ്പോൾ തിരിച്ച് അക്കൗണ്ടിലേക്ക് മടക്കിയ തുകയാകാം എന്നുമാണ് അറിയാൻ കഴിഞ്ഞത് എന്ന് ധനകാര്യ പരിശോധനാ വിഭാഗം 3.6.2023 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ മേൽ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ 8.6.2023 ലെ 009/AE/LID&EW/CGP/23-24 നമ്പർ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/24.7.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പൊതു പണം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ ഇത്രയും ലാഘവത്തോടെ പ്രവൃത്തിക്കുന്നത് കുറ്റകരമായ അനാസ്ഥയാണ്. ഓഡിറ്റ് നിർദ്ദേശമുണ്ടായിട്ടും ഇക്കാര്യത്തിലുള്ള ജാഗ്രതക്കുറവ് ഓഡിറ്റ് ഗൗരവത്തോടെ കാണുന്നു.

ഓഡിറ്റ് നിർദ്ദേശത്തിൻമേൽ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-34 കരാറുകാരന് പണം നൽകാൻ കാലതാമസം - കാരണം വ്യക്തമാക്കേണ്ടതാണ്

ചുവടെ ചേർത്തിട്ടുള്ള കിണർ നവീകരണ പ്രവൃത്തി പൂർത്തീകരിച്ച് ഒരു വർഷം കഴിഞ്ഞതിന് ശേഷമാണ് കരാറുകാരന് ബിൽ തുക നൽകിയിട്ടുള്ളത്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കരാറുകാരുമായി ഏർപ്പെട്ടിട്ടുള്ള കരാറുകളിൽ പ്രവൃത്തി പൂർത്തിയാക്കി രണ്ടാഴ്ചക്കുള്ളിൽ അളവെടുത്ത് ബില്ലെഴുതുകയും ബിൽ ലഭിച്ച് ഒരാഴ്ചക്കകം പണം നൽകുന്നതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. (Clause-13). ആയതിനാൽ തന്നെ പണം നൽകുന്നതിന് ഇത്രയും കാലതാമസം വന്നതിന് കാരണം വ്യക്തമല്ല. അസി.എഞ്ചിനീയർ പ്രോജക്ട് റജിസ്റ്റർ/ വർക്ക് ബിൽ റജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടി- വർക്കിന് മുമ്പ് പെയ്മെന്റ് നൽകിയിട്ടുണ്ടോ എന്നത് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിശദാംശങ്ങൾ | പ്രവൃത്തി പൂർത്തീകരിച്ച തിയതി | ബിൽ തുക നൽകിയ തിയതി | വൗച്ചർ നം. |
|---|---|---|---|
| മാങ്കുളം പൊതു കിണർ നവീകരണം<br>പ്രോജക്ട് നം. 217/22, 293/24 (സ്പിൽഓവർ)<br>അടങ്കൽ-80000<br>ഫണ്ട്- സി.എഫ്.സി.<br>ടിഎസ്-45269/2021-22<br>കരാറുകാരൻ- ശ്രീ.ശിഹാബുദ്ധീൻ. സി,<br>(എസ്റ്റിമേറ്റ് നിരക്കിൽ)<br>എഗ്രിമെന്റ് നം. 125/13.2.2022<br>ചെലവ് തുക-78817<br>എം ബുക്ക്- 895/21-22 | 6.6.2022 | 17.11.2023 | XVFC/2023-24/ P/52, തി-17.11.2023 |

ബിൽ തുക നൽകുന്നതിൽ കാലതാമസം വന്നതിന് കാരണം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 17/25.7.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പണം നൽകാൻ കാലതാമസം വന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-35 ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

ജി.ഒ. (എം.എസ്) നമ്പർ 318/2013/ത.സ്വ.ഭ.വ/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കിയതിനാൽ ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില(ജി.എസ്.ടി.യുൾപ്പെടെ) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്ത് വരുന്നത്. ഇക്കാരണത്താൽ ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങാൻ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ജി.ഒ. (എം.എസ്).3186/2017/ത.സ്വ.ഭ.വ, തിയതി-2-10-2017 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ അസി.എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ.യിൽ നിലവിലുള്ള അക്കൗണ്ട് E-Tender Portal മായി Link ചെയ്യാത്തതിനാൽ ഇ-ടെണ്ടർ ചെയ്തതിലൂടെയുള്ള ടെണ്ടർ ഫോറം വില നാളിതു വരെ ഗ്രാമ പഞ്ചായത്തിന് വരവ് വന്നിട്ടില്ല . ഇക്കാര്യം 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലൂടെ അസി.എഞ്ചിനീയറുടേയും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടേയും ശ്രദ്ധയിൽപെടുത്തിയിരുന്നുവെങ്കിലും ഇക്കാര്യത്തിൽ ഒരു തുടർ നടപടിയും സ്വീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതായ ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് തുക തിരികെ ലഭ്യമാക്കുന്നതിൽ സമയോചിത നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ലെന്ന് കാണുന്നു.

ഇ- ടെണ്ടറിന് വേണ്ടിയുള്ള അക്കൗണ്ട് ഇ- ടെണ്ടർ സൈറ്റുമായി മാപ്പിംഗ് നടത്തി നാളിതു വരെയായി ഇ- ടെണ്ടർ ചെയ്തതിലൂടെ ടെണ്ടർ ഫീ ആയി ഇ.ഇ. യുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയ തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 13/24.7.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-36 സ്കോളർഷിപ്പ് വിതരണം- ഭിന്നശേഷിക്കാരുടെ ഡാറ്റാ രജിസ്റ്റർ തയ്യാറാക്കിയില്ല

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി: - 431/24, 143/24 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണമെന്ന പ്രോജക്ടിന്റെ (431/24, 143/24) ഭാഗമായി പഞ്ചായത്തു പരിധിയിലുള്ള മാനസിക വൈകല്യമുള്ള 117വിദ്യാർഥികൾക്കും ശാരീരിക വെല്ലുവിളികൾ നേരിടുന്ന 28 വിദ്യാർത്ഥികളുമുൾപ്പെടെ ആകെ 145വിദ്യാർഥികൾക്കായി ഒരു വർഷത്തേക്ക് അർഹമായ വിദ്യാഭ്യാസ സ്കോളർഷിപ്പ് ഇനത്തിൽ 198521+2781170=2979691/-രൂപ അനുവദിച്ചിട്ടുണ്ട്. വികസന ഫണ്ട് 198521+1800000=1998521 രൂപയും, തനത് ഫണ്ട് 300000രൂപയും ,ബ്ളോക്ക് പഞ്ചായത്തു വിഹിതം 331170രൂപയും , ജില്ലാ പഞ്ചായത്തു വിഹിതം 350000രൂപയും ചെലവഴിച്ചാണ് രണ്ട് പദ്ധതികളായി സ്കോളർഷിപ്പ് അനുവദിച്ചത്. പദ്ധതി നടത്തിപ്പിന്റെ മുന്നോടിയായി ഗുണഭോക്താക്കളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളെ അടിസ്ഥാനമാക്കി പഠനം നടത്തുന്ന സ്ഥാപനം, പ്രായം, വൈകല്യത്തിന്റെ സ്വഭാവം തുടങ്ങി അവശ്യമായ വിവരങ്ങൾ ചേർത്ത് ലിസ്റ്റ് തയ്യാറാക്കുകയോ മറ്റോ ചെയ്തിട്ടില്ല. തുക അനുവദിക്കപ്പെട്ട ബില്ലുകൾ പ്രകാരമുള്ള തുകയും ഗുണഭോക്താക്കളുടെ പേരുകളും ഭിന്ന ശേഷി സ്വഭാവവും രജിസ്റ്ററിൽ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്.

വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ ഒരു ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കാനും കാലാകാലങ്ങളിൽ സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കാലികമായി സൂക്ഷിക്കാനും നിർദ്ദേശമുള്ളതാണ്. പഞ്ചായത്തിൽ ഭിന്നശേഷി വിഭാഗക്കാരുടെ വാർഡ് തലത്തിലുള്ള സർവ്വേ പൂർത്തിയാക്കി ആയതിലെ വിവരം ക്രോഡീകരിച്ച് ഭരണസമിതി പരിശോധിച്ച് രജിസ്റ്ററായി സൂക്ഷിച്ചിട്ടില്ല. 17.08.16ലെ 2465/2016/തസ്വഭവ നമ്പർ ഉത്തരവിലും ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശിച്ചതാണ്.

ഭിന്നശേഷിക്കാരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിയ്ക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷമ കുറിപ്പ് നം. 19/25.07.24ന് ലഭ്യമാക്കിയ മറുപടി പ്രകാരം, ഭിന്നശേഷി ഡാറ്റാ ലിസ്റ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഭരണസമിതി അറിയിച്ചതായി വ്യക്തമാക്കിയിട്ടുണ്ട്. ഭിന്നശേഷി ഡാറ്റാ ലിസ്റ്റ് തയ്യാറാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 ആദായ നികുതിയിനത്തിൽ അടവാക്കേണ്ടതായ തുക ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു

2023-24 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ ചുവടെ ചേർത്ത തനത് ഫണ്ട് വർക്കുകളിൽ നിന്നും വസൂലാക്കിയ ആദായ നികുതി ടി വകുപ്പിലേക്ക് അടവാക്കാതെ അസി.എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ. ലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. (അക്കൗണ്ട് നം.38709496988, IFSC CODE-SBIN0070797)

വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | പ്രവൃത്തി മൂല്യം | വസൂലാക്കിയ ആദായ നികുതി | ചെക്ക് നമ്പർ/ തിയതി, തുക | ബാങ്ക് അക്കൗണ്ടിൽ വരവ് വന്ന തിയതി |
|---|---|---|---|---|
| 156, കളത്തിങ്ങൽ ഇടവഴി പുനരുദ്ധാരണം | 20438 | 204 | 2357628/28.2.2024, 24117/- | 12.3.2024 |
| 342, പുതുകുടി പാലകട്ടുകളങ്ങര റോഡ് റിടാറിംഗ് | 209263 | 2093 | 2547928/22.5.23, 246930/- | 23.5.2023 |
| 353, ചാത്തന്തോടി കിളിയേങ്ങൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 317672 | 3177 | 2513501/29.5.2023, 374853/- | 1.6.2023 |
| 297,തടപറമ്പ് കക്കോട്ടുപുറായി റോഡ് ടാറിംഗ് | 168629 | 1686 | 2513503/2.6.2023, 198982/- | 6.6.2023 |
| 304,ചക്കപിലാക്കൽ കാഞ്ഞീരി റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 105912 | 1059 | 2547926/12.5.2023 124976/- | 12.5.2023 |
| 338,മേച്ചേരിപറമ്പ് കല്ലറാംകട്ടം കുണ്ടുകണ്ടം റോഡ് ടാറിംഗ് | 271017 | 2710 | 2547927/22.5.23, 319800/- | 23.5.2023 |
| 301 തിരുത്തിമ്മൽ ചാലൊടി റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 63420 | 634 | ബിൽ നം.15/30.5.2023 74837/- | 6.6.2023 |
| 317, ചക്കപിലാക്കൽ കാഞ്ഞീരംകോട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 91299 | 913 | 2547925/12.5.2023 100000/- | 12.5.2023 |

ഇപ്രകാരം നികുതി തുകകൾ തെറ്റായി ക്രെഡിറ്റ് ചെയ്തത് വഴി അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ തൻ വർഷം 38273 രൂപ ക്രെഡിറ്റ് വന്നിട്ടുണ്ട്. ടി- തുകയിൽ മുകളിൽ പരാമർശിച്ച വർക്കുകളിൽ നിന്നും വസൂലാക്കിയ 12476 രൂപ കിഴിച്ച് ബാക്കിയുള്ള തുക 2022-23 വർഷത്തെ ബില്ലുകളിൽ നിന്നും കുറവ് ചെയ്തതും അസി. എഞ്ചിനീയർ 2023-24 വർഷത്തിൽ ചെക്ക് നൽകിയത് വഴി 13.4.2023 നും 17.4.2023 നും ഇടയിലുള്ള തിയതികളിൽ അക്കൗണ്ടിൽ ക്രെഡിറ്റ് വന്ന തുകയുമാണ്. ഐ.ടി ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിന് വിശദീകരണമാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 34/27.7.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബാങ്ക് അക്കൗണ്ടിൽ വൻ തുക ബാലൻസായി കിടക്കുന്നത് ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് പരിശോധിച്ചതിൽ 2019-20 മുതൽ 2023-24 വരെയുള്ള വർഷങ്ങളിലെ തനത് ഫണ്ട് വർക്കുകളുടെ ആദായ നികുതി തുകയാണ് അക്കൗണ്ടിലുള്ളതെന്ന് 8.6.2023 ന് അസി.എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ മുൻ വർഷങ്ങളിൽ അക്കൗണ്ടിൽ വന്ന തുകകൾ തരംതിരിച്ച് കണ്ടെത്തി കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ആദായ നികുതി തുക നാളിതു വരെ ഐ.ടി.ഹെഡിലേക്ക് തിരിച്ചടവാക്കിയിട്ടില്ല.

തനത് ഫണ്ട് വർക്കുകളിൽ നിന്നും വസൂലാക്കിയ ആദായ നികുതി യഥാസമയം അടവാക്കുന്നതിൽ അസി. എഞ്ചിനീയർ വീഴ്ച വരുത്തിയിട്ടുണ്ട്. വീഴ്ച ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ആദായ നികുതി അടവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമെന്ന് എക്സിറ്റ് മീറ്റിംഗിൽ പ്രസിഡന്റും വൈസ് പ്രസിഡന്റും ഉറപ്പ് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-38 ആരാധനാലയം തരം കെട്ടിടത്തിന് വീട് വാസയോഗ്യമാക്കൽ ആനുകൂല്യം അനുവദിച്ചു.

നിർവ്വഹണം - വി.ഇ.ഒ

പദ്ധതി: - 36/24, വീട് വാസയോഗ്യമാക്കൽ -ഭവന പുനരുദ്ധാരണം-ജനറൽ.

അടങ്കൽ - 2160000( വികസന ഫണ്ട് ജനറൽ)

ചെലവ് - 1650000.

പാർപ്പിട കെട്ടിടങ്ങൾ വാസയോഗ്യമാക്കുന്നതിനാണ് മേൽ പദ്ധതി. എന്നാൽ സഞ്ചയ പ്രകാരം പാർപ്പിട കെട്ടിടം അല്ലാത്ത കെട്ടിടത്തിന് മേൽക്കൂര മാറ്റി വെക്കുന്നതിനുള്ള ആനുകൂല്യം അനുവദിച്ചിട്ടുണ്ട് എന്ന് കണ്ടെത്തി. പദ്ധതി പ്രകാരമുള്ള ആകെ ചെലവിൽ ചുവടെ ചേർത്ത വ്യക്തിക്ക് തുക അനുവദിച്ചതിലാണ് മേൽ പരാമർശിച്ച തരം അപാകത കണ്ടെത്തിയത്.

| വ്യക്തിയുടെ പേര്, വാർഡ്/കെട്ടിട നം. | അനുവദിച്ച തുക | ബിൽ നം, തിയതി, തുക | കുറിപ്പ് |
|---|---|---|---|
| സി.കെ ഫാത്തിമ(late) മകൻ അബ്ദുൽ ജബ്ബാർ എം.സി.<br>കെട്ടിട നം. 15/11. | 30000/- | 23151052039901469821/ 24.03.2024. Rs. 90000/- | ഗുണഭോക്താവ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല. |

ആനുകൂല്യം അനുവദിച്ച മേൽ കെട്ടിടം സഞ്ചയ പ്രകാരം ആയത് പാർപ്പിട കെട്ടിടമല്ല എന്നും നികുതി ഒഴിവാക്കപ്പെട്ട, 84.4 ച. മീ. വിസ്തീർണ്ണമുള്ള ആരാധനാലയ കെട്ടിടമാണ് . ആരാധനാലയ കെട്ടിടത്തിന് വീട് വാസയോഗ്യമാക്കൽ ആനുകൂല്യം അനുവദിച്ചത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 07/23.07.24ന് വി.ഇ.ഒ ലഭ്യമാക്കിയ മറുപടി പ്രകാരം കെട്ടിടം വീട് തന്നെയാണ് ആയത് നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടാണ് ആനുകൂല്യം അനുവദിച്ചത് എന്നും കെട്ടിടത്തിന്റെ തരം സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തയതാണെന്നും ആയത് തിരുത്താൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.
ആനുകൂല്യം അനുവദിക്കുമ്പോൾ ഗ്രാമപഞ്ചായത്ത് രേഖകൾ പ്രകാരം കെട്ടിടത്തിന്റെ തരം ഉറപ്പ് വരുത്താതിരുന്നത് ഉചിതമല്ല. തുടർനടപടികൾ സ്വീകരിച്ച് കെട്ടിടം തരം മാറ്റം വരുത്തി നികുതി നിശ്ചയിച്ച് കെട്ടിടത്തിന്റെ സഞ്ചയ ഫോം6 പകർപ്പ് സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

## 1-39 ബയോബിൻ വിതരണം-ജിയോ ടാഗിംഗ് നടത്തിയിട്ടില്ല.

നിർവ്വഹണം - വി.ഇ.ഒ

പദ്ധതി: - 134/24, ബയോബിൻ വിതരണം.

അടങ്കൽ - 1124200(1011780 CFC+112420 ഗുണഭോക്തൃ വിഹിതം)

ചെലവ് - 706275(CFC). വൗച്ചർ നം- 22301126/30.03.24

പദ്ധതിയുടെ ഭാഗമായി ഇ-ടെണ്ടർ നോട്ടീസ് നം. VEO-01/2024/01.02.24 പ്രകാരം ടെണ്ടർ വിളിച്ചതിൽ ടെണ്ടർ ലഭിച്ച കേരള അഗ്രോ ഇൻഡസ്ട്രീസ് കെർപ്പറേഷൻ ലിമിറ്റഡ്-ൽ നിന്നും, യൂണിറ്റിന് 2150 രൂപ നിരക്കിൽ 365 എണ്ണം ബയോബിന്നുകൾ ഇൻവോയ്സ് നം. W-453/23-24/25.03.24 പ്രകാരം ലഭ്യമാക്കി വിതരണം ചെയ്തിട്ടുണ്ട്(ഡെലിവറി ചലാൻ തിയതി.25.03.24). ബയോബിന്നിന്റെ വിലയിൽ 10% ഗുണഭോക്തൃ വിഹിതമായി ശേഖരിച്ച 215x365=78745 രൂപ വി.ഇ.ഒ ഗ്രാമപഞ്ചായത്തിൽ അടവാക്കിയത് ബയോബിന്നുകൾ വിതരണം ചെയ്ത സ്ഥാപനത്തിന് അടവാക്കാനവശേഷിക്കുന്നുണ്ട്.

ബയോബിൻ വിതരണം സംബന്ധിച്ച, സ.ഉ.നം. 34/2024/LSGD/04.01.24 ഉൾപ്പടെയുള്ള ഉത്തരവുകൾ പ്രകാരം ബയോ ബിന്നുകൾ സ്ഥാപിച്ച് കഴിഞ്ഞാൽ ആയതിന്റെ ജിയോ ടാഗിംഗ്, സ്ഥാപിച്ച കമ്പനി നേരിട്ടോ, ഗ്രാമപഞ്ചായത്ത് ഹരിത കർമ്മ സേന/കുടുംബശ്രീ തുടങ്ങിയവ വഴിയോ നടത്തേണ്ടതുണ്ട്. കേരള അഗ്രോ ഇൻഡസ്ട്രീസ് കെർപ്പറേഷൻ ലിമിറ്റഡ് 01.03.24ന് വി.ഇ.ഒ-ക്ക് നൽകിയ W-98/105 നമ്പർ കത്തിൽ, സ.ഉ.നം. 34/2024/LSGD/04.01.24 ഖണ്ഡിക 2.1 പ്രകാരം യൂണിറ്റുകളുടെ വിതരണം പൂർത്തീകരിക്കുന്നതാണ് എന്നും ജിയോ ടാഗിംഗ് ചെയ്ത് നൽകുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുള്ളതുമാണ്. മേൽ ഉത്തരവ് പ്രകാരം ബയോ ബിന്നുകൾക്ക് മൂന്ന് വർഷ വാറണ്ടി ഉണ്ടായിരിക്കേണ്ടതുമാണ്.

വിതരണം ചെയ്ത ബയോ ബിന്നുകൾ ശരിയായ രീതിയിൽ സ്ഥാപിച്ച് പ്രവർത്തനം നടന്ന് വരുന്നത് നിരീക്ഷിക്കുന്നതിനും പദ്ധതി ലക്ഷ്യം വെക്കുന്ന രീതിയിൽ ചെലവ് തുകക്കുള്ള പ്രയോജനം ലഭിക്കുന്നതിനും ബയോബിന്നുകൾ യഥാസമയം ജിയോ ടാഗിംഗ് പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച ബയോബിന്നുകളുടെ ജിയോടാഗിംഗ് നാളിതുവരെ ചെയ്തിട്ടില്ല. ആയതിന് നടപടികൾ സ്വീകരിച്ചത് സംബന്ധിച്ച രേഖകളും ഫയലിൽ ഇല്ല.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.32/27.07.24ന് വി.ഇ.ഒ ലഭ്യമാക്കിയ മറുപടി പ്രകാരം, 2024 ലോക്സഭ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും പിന്നീട് പ്രതികൂല കാലാവസ്ഥയും ആണ് ജിയോ ടാഗിംഗ് പൂർത്തീകരിക്കാൻ വൈകിയത് എന്നും ജിയോ ടാഗിംഗ് പൂർത്തീകരിച്ച് അറിയിക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-40 അംഗനവാടികൾക്ക് അടുക്കള ഉപകരണങ്ങളും ഫർണ്ണിച്ചറുകളും-സ്റ്റോക്ക്, മറ്റ് അപാകതകൾ

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി: - 250/24,അംഗനവാടികൾക്ക് അടുക്കള ഉപകരണങ്ങളും ഫർണ്ണിച്ചറുകളും

അടങ്കൽ- 480000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ചെലവ് - 438466. ബിൽ നം. 23151052039701426162/21.03.24

വിവിധ അംഗനവാടികളിലേക്ക് പദ്ധതി പ്രകാരമുള്ള, ചുവടെ ചേർത്ത ഫർണ്ണിച്ചറുകളും അടുക്കള ഉപകരണങ്ങളും ലഭ്യമാക്കിയതിന് റാണി മെറ്റൽസ് കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം. C481/16.02.24 പ്രകാരമുള്ള 438466 രൂപയാണ് അനുവദിച്ചത്.

| ക്രമ നം | ഉപകരണം | എണ്ണം | ടാക്സ് ഉൾപ്പടെ ഒരെണ്ണം വില | ആകെ |
|---|---|---|---|---|
| 1 | പ്രഷർ കുക്കർ(പ്രസ്റ്റീജ്)-10 Ltr | 11 | 3929 | 43219 |
| 2 | പ്രഷർ കുക്കർ(പ്രസ്റ്റീജ്)-5 Ltr | 28 | 2549 | 71372 |
| 3 | പ്രഷർ കുക്കർ(പ്രസ്റ്റീജ്)-3 Ltr | 39 | 1995 | 77805 |
| 4 | ബേബി ചെയർ 5017 | 350 | 337 | 117950 |
| 5 | എസ്.എസ് പ്ലേറ്റ് | 370Kg | 76 | 28120 |
| 6 | സ്റ്റീൽ അലമാര 5.5 | 8 | 12500 | 100000 |
| ആകെ | | | | 438466 |

മേൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി വിളിച്ച 11.12.2023ലെ ICDS-1/2023 നമ്പർ ടെണ്ടർ പ്രകാരം 5 സ്ഥാപനങ്ങളിൽ നിന്നുള്ള ടെണ്ടറുകൾ ലഭ്യമായിട്ടുണ്ട്. ടെണ്ടർ നോട്ടിസിൽ ഉപകരണങ്ങളുടെ വിവരണം ചുവടെ ചേർത്ത പ്രകാരമാണ് നൽകിയിരിക്കുന്നത്.

1) സ്റ്റീൽ പ്രഷർ കുക്കർ (3,5,10 ലിറ്റർ)

2) ബേബി ചെയർ ഫൈബർ ISI (മാർക്ക്ഡ്)

3) ഓഫീസ് ടേബിൾ

4) ഓഫീസ് അലമാര

5) സ്റ്റീൽ പ്ലേറ്റ്.

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ക്വട്ടേഷൻ നോട്ടീസ് പ്രകാരം ടേബിൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾക്കാണ് ടെണ്ടർ ക്ഷണിച്ചതും ആയതുൾപ്പടെയുള്ള ഉപകരണങ്ങളുടെ വില ക്വാട്ട് ചെയ്ത് കൊണ്ടാണ് എല്ലാ സ്ഥാപനങ്ങളും ടെണ്ടർ ലഭ്യമാക്കിയതും. എന്നാൽ ടേബിൾ ഒഴിവാക്കി മറ്റ് ഉപകരണങ്ങൾ മാത്രം വാങ്ങുകയാണ് ചെയ്തത്. ഇതിന് കാരണം വ്യക്തമല്ല.

2) ടെണ്ടർ നോട്ടീസിൽ ഓരോ ഉപകരണങ്ങളുടെയും സ്പെസിഫിക്കേഷൻ പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല (പ്രത്യേകിച്ചും അലമാരയുടെ വലിപ്പം, ഡോർ, ലോക്ക്, തുങ്ങിയ വിവരവും ടേബിൾ, പാത്രം തുടങ്ങിയവയുടെ സൈസും). ആയതിനാൽ തന്നെ ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങൾ ഒരു സാധനത്തിന്റെ തന്നെ വിവിധ വലിപ്പത്തിലും മറ്റുമുള്ള പല വിഭാഗം ഇനത്തിന്റെ വിലകളാണ് ടെണ്ടറിൽ രേഖപ്പെടുത്തിയത്. ഇത് കാരണം താരതമ്യ പട്ടിക തയ്യാറാക്കിയപ്പോൾ കൃത്യമായ താരതമ്യം നടത്തുന്നതിന് കഴിഞ്ഞിട്ടില്ല എന്നത് വ്യക്തമാണ്.

3) കംപാരറ്റീവ് സ്റ്റേറ്റ്മെന്റ്, ടെണ്ടർ എന്നിവ പ്രകാരം ടെണ്ടർ ലഭിച്ച റാണി മെറ്റൽസ് എന്ന സ്ഥാപനം 12500 രൂപയും ടെണ്ടർ സമർപ്പിച്ച മറ്റൊരു സ്ഥാപനമായ ഡ്രീം ഹോം എന്ന സ്ഥാപനം 7750 രൂപയുമാണ് അലമാരക്ക് വില രേഖപ്പെടുത്തിയത്. എന്നാൽ ടെണ്ടർ സ്പ്ലിറ്റ് ചെയ്യാമായിരുന്നിട്ടും ആയത് ചെയ്യാതെ റാണി മെറ്റൽസിന്റെ 12500 രൂപയുടെ ടെണ്ടർ അംഗീകരിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. ടെണ്ടർ അംഗീകരിക്കുന്നതിന് മുൻപ് സ്ഥാപനങ്ങൾ ഉപകരണങ്ങളുടെ സാംപിൾ ഹാജരാക്കുകയോ ക്വാളിറ്റി പരിശോധിക്കുകയോ ചെയ്തതായി രേഖകൾ ഇല്ല.

4) മേൽ ഉപകരണങ്ങൾ ഇഷ്യൂ ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിതരണം ചെയ്ത ഉപകരണങ്ങൾ

വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്ക് നമ്പർ ചേർത്ത് അതത് അംഗനവാടികളിലെ സ്റ്റോക്കിലെടുത്തത് പരിശോധിക്കുന്നതിന് 5 അംഗനവാടികളിലെ സ്റ്റോക്ക് രജിസറ്ററുകൾ പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ടത് പ്രകാരം ലഭ്യമാക്കിയത് പരിശോധിച്ചതിൽ, ഉപകരണങ്ങൾ ലഭ്യമായ തിയതിക്ക് നേരെ ഉപകരണത്തിന്റെ പേരും എണ്ണവും രേഖപ്പെടുത്തുകയാണ് ചെയ്തത് എന്ന് കണ്ടു. ഉപകരണം ഓരോന്നിനും സ്റ്റോക്ക് നമ്പർ ഇട്ടതായോ, പദ്ധതി നമ്പറോ, വാറണ്ടി ഉറപ്പ് വരുത്തുന്നതിലേക്കായി ബ്രാൻഡ്, സീരിയൽ നമ്പർ, വില മറ്റ് വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ല.

ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി മുൻപ് ലഭ്യമായ ഉപകരണങ്ങളുടെ സ്റ്റോക്കിന്റെ തുടർച്ചയായി സ്റ്റോക്ക് നമ്പറും പദ്ധതി നമ്പറും ചേർത്ത് സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തേണ്ടതും വാറണ്ടി വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ഉപകരണങ്ങൾ നഷ്ടപ്പെടുന്നതിനും കേടായാൽ വാറണ്ടി ഉറപ്പ് വരുത്താനാവാതെ റിപ്പയർ ചെയ്ത് അധിക ചെലവിന് കാരണമാകുന്നതുമാണ്. ഇക്കാര്യം നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പ് വരുത്തിയിട്ടില്ല.

5) ടെണ്ടർ പ്രകാരമുള്ള ഉപകരണങ്ങൾ തന്നെയാണ് വിതരണം ചെയ്തത് എന്നത് നിർവ്വഹണ ഉദ്യോഗസ്ഥയോ കൈപ്പറ്റിയ അംഗനവാടി ടീച്ചേഴ്സോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.18/25.07.24ന് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി പ്രകാരം, വിവിധ അംഗനവാടികൾ ടേബിൾ ഇപ്പോൾ ആവശ്യമില്ല എന്നും, ടെണ്ടർ നോട്ടിസിൽ സ്പെസിഫിക്കേഷൻ വിട്ട് പോയതിനാൽ ഫോൺ മുഖേന എല്ലാ സ്ഥാപനങ്ങളെയും സ്പെസിഫിക്കേഷൻ അറിയിക്കുകയും, അംഗനവാടികളിലെ രജിസ്റ്ററുകളിൽ ശരിയായ രീതിയിൽ സ്റ്റോക്കിലെടുക്കുന്നതാണെന്നും അറിയിച്ചു.
അംഗനവാടികൾ സമർപ്പിച്ച അവരുടെ ആവശ്യകതാ കത്തോ ടേബിൾ ആവശ്യമില്ല എന്നുള്ള രേഖാമൂലമുള്ള അറിയിപ്പോ ഹാജരാക്കിയിട്ടില്ല. എല്ലാ ടെണ്ടറുകളിലും ഒരേ സാധനത്തിന്റെ തന്നെ ഒന്നിലധികം ഇനങ്ങളുടെ വിലരേഖപ്പെടുത്തിയിട്ടുള്ളതിനാൽ, ഫോൺ മുഖേന എല്ലാ സ്ഥാപനങ്ങളെയും സ്പെസിഫിക്കേഷൻ അറിയിച്ചിട്ടുണ്ട് എന്നുള്ള മറുപടി വസ്തുതാപരമല്ല. വിവിധ സ്ഥാപനങ്ങളുടെ സാംപിളുകൾ പരിശോധിച്ചതായി രേഖപ്പെടുത്തിയ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ രേഖ മറുപടിയുടെ കൂടെ ഹാജരാക്കിയെങ്കിലും സാംപിൾ ഹാജരാക്കുന്നതിന് സ്ഥാപനങ്ങൾക്ക് കത്ത് നൽകിയതായോ മറ്റോ ഫയലിൽ ഇല്ല. ടെണ്ടർ നോട്ടീസ് മുതൽ ടെണ്ടർ അംഗീകരിച്ച് പർച്ചേസ് ഓർഡർ നൽകുന്നത് വരെ സർക്കാർ ഉത്തരവുകളുടേയും നിർദ്ദേശങ്ങളുടേയും ലംഘനം ഉണ്ടായിട്ടുണ്ട്. അത് മൂലം അലമാര വാങ്ങിയതിൽ മാത്രം 8x4750=38000 രൂപയുടെ അധിക ചെലവ് സംഭവിച്ചിട്ടുണ്ട്. ലഭ്യമാക്കിയ മറുപടിയും വിശദീകരണങ്ങളും കണക്കിലെടുത്തും തുടർന്നുള്ള പർച്ചേസുകളിൽ സർക്കാർ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. തുടർന്നും നിരീക്ഷിക്കുന്നതാണ്. ഉപകരണങ്ങൾ അതാത് അംഗനവാടികളിലെ സ്റ്റോക്കിൽ സ്റ്റോക്ക് നമ്പറും മേൽ പരാമർശിച്ച പൂർണ്ണ വിവരങ്ങളും ചേർത്ത് സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ പകർപ്പ് സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കിണർ റിംഗിന്റെ പിൻ വശത്ത് 6എം.എം. ബേബി മെറ്റൽ നിറക്കുന്നതിന് അധിക നിരക്ക്- 35030 രൂപ അധികം നൽകി

ചുവടെ ചേർത്തിട്ടുള്ള കിണർ നവീകരണ പ്രവൃത്തിയിൽ റിംഗ് സ്ഥാപിച്ച് ആയതിന്റെ പിൻവശത്ത് 6എം.എം. ബേബി മെറ്റൽ നിറക്കുന്നതിന് OD 386052/2022-23 പ്രകാരം 11061.56/M3 എന്ന നിരക്കാണ് നൽകിയിട്ടുള്ളത്. മേൽ പ്രവൃത്തിക്ക് ഡാറ്റ പ്രകാരം അനുവദനീയമായ നിരക്ക് 2307.08/M3 ആണ്. ലേബർ കണക്കാക്കിയപ്പോൾ ഡാറ്റയിൽ 0.1 ദിവസം എടുക്കുന്നതിന് പകരം 10 ദിവസം എന്ന് തെറ്റായി രേഖപ്പെടുത്തിയതിനാലാണ് ഈ അപാകത വന്നിട്ടുള്ളത്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മറ്റ് കിണർ നവീകരണ പ്രവൃത്തികളിലെല്ലാം 2307.08/M3 എന്ന അർഹമായ നിരക്കാണ് നൽകിയിട്ടുള്ളത്. തെറ്റായ ഡാറ്റ തയ്യാറാക്കി അധിക നിരക്ക് നൽകിയത് വഴി കരാറുകാരന് അധിക തുക നൽകാനിടയായിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിശദാംശങ്ങൾ | ഫില്ലിംഗ് നടത്തിയ അളവ് | നൽകാവുന്ന തുക | നൽകിയ തുക | അധികം |
|---|---|---|---|---|
| ഗവ. ആയുർവ്വേദ ആശുപത്രി കിണർ നവീകരണം<br>പ്രോജക്ട് നം. 340/24<br>അടങ്കൽ-221000<br>ഫണ്ട്- സി.എഫ്.സി.<br>ടി.എസ് നം. 102228/2022-23<br>DSR-2018,Cost Index-36.44%,GST-18%<br>കരാറുകാരൻ- ശ്രീ.ശിഹാബുദ്ധീൻ. സി,<br>(എസ്റ്റിമേറ്റ് നിരക്കിൽ)<br>എഗ്രിമെന്റ് നം. 132/23.3.2023<br>ചെലവ് തുക-220770<br>വൗച്ചർ നം.XVFC/2023-24/ P/26, തി-8.9.2023<br>എം ബുക്ക്- ഇ എം ബുക്ക് | 3.391 M3<br>(2*3.14* 1.8*.3) | 3.391*2307.08 =7823.30 | 3.391* 11061.56 =37509.75 | 29686.45 + GST 18% =35030 |

തുക തിരികെ ഈടാക്കാതിരിക്കാൻ വിശദീകരണമുണ്ടെങ്കിൽ രേഖാമൂലം നൽകേണ്ടതാണെന്നും അല്ലാത്തപക്ഷം അധികം നൽകിയ35030 രൂപ ടി- കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണെന്നും അറിയിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ - 5/23.7.2024 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 35030 രൂപ തെറ്റായ നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറുടേയും പ്രസ്തുത എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ അസി.എക്സി.എഞ്ചിനീയറുടേയും ബാധ്യതയായി കണക്കാക്കുന്നു.

## 3-2 ടെണ്ടർ വ്യതിയാനം കുറവ് ചെയ്യുന്നതിൽ അപാകത- അധിക തുക നൽകി

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയിൽ കരാറുകാരന് ബിൽ തുക നൽകിയപ്പോൾ കരാറുകാരൻ ടെണ്ടറിൽ ക്വാട്ട് ചെയ്ത 15.7% ടെണ്ടർ വ്യതിയാനം കുറവ് ചെയ്യുന്നതിന് പകരം 13.7% മാത്രമാണ് ബിൽ തുകയിൽ നിന്നും കുറവ് ചെയ്തിട്ടുള്ളത്. ആയതിനാൽ കരാറുകാരന് ചുവടെ ചേർത്തിട്ടുള്ള വിധം അധിക തുക നൽകാനിടയായിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിശദാംശങ്ങൾ | കരാറുകാരന് നൽകാവുന്ന തുക | നൽകിയ തുക | അധികം |
|---|---|---|---|
| കൊടക്കാട് കുടിവെള്ള പദ്ധതി നവീകരണം<br>പ്രോജക്ട് നം. 296/24<br>അടങ്കൽ-130000<br>ഫണ്ട്- സി.എഫ്.സി.<br>ടി.എസ് നം. 107466/2022-23<br>DSR-2018,Cost Index-36.44%,GST-18%<br>കരാറുകാരൻ- ശ്രീ. എം.കെ. അബ്ദുറഹ്മാൻ | പ്രവൃത്തി മൂല്യം-105315<br>(-) Tender Variation<br>15.7% - 16534<br>= 88781<br>(+) 18% GST 15981<br>= 104762<br>(-) GST 2% 1780 | പ്രവൃത്തി മൂല്യം-105315<br>(-) Tender Variation<br>13.7% - 14428<br>= 90887<br>(+) 18% GST 16360<br>= 107247<br>(-) GST 2% | 2409 |

| | | | |
|---|---|---|---|
| (15.7% Below )<br>എഗ്രിമെന്റ് നം. 140/25.3.2023<br>ചെലവ് തുക-107247<br>വൗച്ചർ നം.XVFC/2023-24/P/56, തി-15.12.2023<br>എം ബുക്ക്- ഇ എം ബുക്ക്<br>പ്രവൃത്തി മൂല്യം-105315 | (-) IT 1% 890<br>(-) WF 1% 890<br>= 101202 | 1818<br>(-) IT 1% 909<br>(-) WF 1% 909<br>= 103611 | |

അധികം നൽകിയ 2409 രൂപ ടി- കരാറുകാരനിൽ നിന്നും തിരികെ ഈടാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 8/23.7.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 2409 രൂപ ബിൽ തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2023-24 | 2023-24 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 331170 | 143/24 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 331170 |
| | 1040000 | 27/24 ലൈഫ് ഭവന നിർമ്മാണം ജനറൽ | 1040000 |
| | 1645000 | 28/24 ലൈഫ് ഭവന നിർമ്മാണം എസ് സി.പി | 1645000 |
| ജില്ലാ പഞ്ചായത്ത് | 350000 | 143/24 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 350000 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (HUDCO) | GO(MS)68/2018/ LSGD/ 18.05.18 | 21024993 | 5973848 | 1547048 | 0 | 25451793 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

(എ) സ്ഥിര നിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം(₹) | 3000000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 3000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 3000000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 0 |

(ബി) വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2021-22 | 1-17 | 3826 | അനിൽ കുമാർ.ഒ | 1230100030/11.04.2023 |
| 2021-22 | 1-38 | 2657 | മുഹമ്മദ് അസ്ലം | 1230100524/27.05.2023 |
| 2021-22 | 1-38 | 1771 | ജാഫർ.ടി.വി | 1230100525/27.05.2023 |
| 2021-22 | 1-38 | 2400 | മുഹമ്മദ് അസ്ലം | 1230100739/22.06.2023 |
| 2021-22 | 1-33 | 6582 | അസിസ്റ്റന്റ് എഞ്ചിനീയർ | 1230101135/14.08.2023 |
| 2021-22 | 1-33 | 5327 | അസിസ്റ്റന്റ് എഞ്ചിനീയർ | 1230101167/21.08.2023 |
| 2021-22 | 3-2 | 30638 | അസിസ്റ്റന്റ് എഞ്ചിനീയർ | 1230101641/03,11.2023 |
| 2021-22 | 3-1 | 40040 | അസിസ്റ്റന്റ് എഞ്ചിനീയർ | 1230101812/27.11.2023 |
| 2021-22 | 3-3 | 17272 | അസിസ്റ്റന്റ് എഞ്ചിനീയർ | 1230101813/27.11.2023 |
| 2022-23 | 1-14 | 627 | റുമാന ന്യൂട്രിമിക്സ് യൂണിറ്റ് . | 1231000187 / 04.01.2024 |
| 2022-23 | 1-14 | 594 | റുമാന ന്യൂട്രിമിക്സ് യൂണിറ്റ് . | 1231000186 / 04.01.2024 |
| 2022-23 | 1-23 | 1339 | അസിസ്റ്റന്റ് എഞ്ചിനീയർ | 1230101423 / 30.09.2023 |
| 2022-23 | 1-23 | 1000 | അസിസ്റ്റന്റ് എഞ്ചിനീയർ | 1230101424/ 30.09.2023 |
| 2022-23 | 1-14 | 455 | അംനാസ് പാക്കഡ് ഡ്രിംങ്കിങ്ങ് വാട്ടർ | 1230101573/21.10.2023 |
| ആകെ | | 114528 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3-9, 3-10 | 2007-08 | | ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | നടപടിതുടരുന്നു |
| 2006-07 | 2-1 | 2009-10 | | - | നടപടി തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2012-13 | - | - | - | ലഘു അവലോകനം -ഫ്രണ്ട് ഓഫീസ് പ്രവർത്തനം | നടപടി തുടരുന്നു |
| 2011-12-12-13 | 3-14 | 2013-14 | | ലഘു അവലോകനം | നടപടി തുടരുന്നു |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 206095453 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 192423959 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 37439 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2522258 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 35030 | 17515-ശ്രീ.മുബാറക്ക്.സി.കെ,അസി.എഞ്ചിനീയർ<br>17515-ശ്രീ.ഷരീഫ് ഉമ്മിണിയിൽ,അസി.എക്സി.എഞ്ചിനീയർ |
| 3-2 | | 2409 | ശ്രീ.മുബാറക്ക്.സി.കെ,അസി.എഞ്ചിനീയർ |

| | | | |
|---|---|---|---|
| ആകെ | | 37439 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 123200 | ശ്രീ.അബൂബക്കർ പായിങ്ങൽ,ഹെഡ് മാസ്റ്റർ |
| 1-18 | 2050000 | ശ്രീ.ബിജീഷ്.സി,സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-23 | 57600 | ശ്രീ.സുധീർ.കെ,സെക്രട്ടറി |
| 1-24 | 291458 | ശ്രീ.പ്രദീപൻ .പി.കെ,സെക്രട്ടറി |
| ആകെ | 2522258 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മുബാറക്ക്.സി.കെ,അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,ചീക്കോട് ഗ്രാമപഞ്ചായത്ത് | സി.കെ ഹൗസ്,മോങ്ങം പി.ഒ,മലപ്പുറം,673642 |
| ശ്രീ.ഷരീഫ് ഉമ്മിണിയിൽ, അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ, | ഉമ്മിണിയിൽ വീട്, കുറ്റൂളി, വാലില്ലാപുഴ (പി.ഒ), മലപ്പുറം-673639 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1981-82 | എൽ.എഫ്.എം.9/836/85 തി:08.10.1995 | 31 |
| 1985-86 | എൽ.എഫ്.എം.9/713/92 തി:06.11.1992 | 19 |
| 1986-87, 1987-88 | എൽ.എഫ്.എം.9/23/94 തി:07.01.1995 | 34 |

| | | |
|---|---|---|
| 1988-89, 1990-91 | എൽ.എഫ്.എം.9/949/95 തി:03.04.1996 | 21 |
| 1991-92 | എൽ.എഫ്.എം.9/586/93 തി:18.09.1993 | 30 |
| 1992-93, 1993-94 | എൽ.എഫ്.എം.13/1426/01 തി:04.02.2002 | 5 |
| 1998-99 | എൽ.എഫ്.എം.13/15/00 തി:03.05.2001 | 9 |
| 1999-00 | എൽ.എഫ്.എം.15/68/06 തി:12.12.2006 | 13 |
| 2003-04 | എൽ.എഫ്.എം.15/289/07തി:22.03.2007 | 3 |
| 2007-08, To 2010-11 | എൽ.എഫ്.എം.7/1069/12 തി:11.06.2014 | 1 |
| 2011-12, 2012-13 | എൽ.എഫ്.എം.7/394/2014 തി:2.06.2014 | 1 |
| 2013-14 – 2014-15 | കെ.എസ്.എ.എം.പി.എം7/184/2016തി.25.07.2016 | 5 |
| 2015-16 | കെ.എസ്.എ.എം.പി.എം7/326/2016തി.27.01.2017 | 14 |
| 2016-17 | കെ.എസ്.എ.എം.പി.എം7/2217/2017 തി.13.11.2017 | 12 |
| 2017-18 | കെ.എസ്.എ.എം.പി.എം7/1938/18 തി.24.10.2018 | 10 |
| 2018-19 | കെ.എസ്.എ.എം.പി.എം7/65/2020തി.30.10.2020 | 16 |
| 2019-20 | കെ.എസ്.എ.എം.പി.എം7/2108/21/8-2-22 | 8 |
| 2020-21 | കെ.എസ്.എ.എം.പി.എം7/2109/21/8-2-22 | 29 |
| 2021-22 | കെ.എസ്.എ.എം.പി.എം7/3097/22/24-3-23 | 35 |
| 2022-23 | കെ.എസ്.എ.എം.പി.എം7/2231/23/02-11-23 | 28 |

ഡെപ്യൂട്ടി ഡയറക്ടർ

# Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 11-06-2024 and submitted on 19-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Chekkode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Chekkode Grama Panchayat as on 31-03-2024

Date: 05/09/2024

Deputy Director
District Office Malappuram
Kerala State Audit Department

**Audit Report appended to the Audit Certificate of Chekkode Grama Panchayat for the Year 2023-2024 .**

**1.Major Observations**

Nil

**2.Other Observations**

1)Asset Register is not uptodated

2)The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts),2011 are not submitted for audit.
a)Ratios
b)notes on accounts
3)The details of calculation of Fixed Asset depreciation as per Schedule B 11 of Balance Sheet was not made available for verification (Kerala Panchayath Raj( Accounts )Rules 58-4(g)
4)Net increase/decrease in cash flow does not match with the net cash generated by operating, investing and financial activities and closing balance of cash and cash equivalents .

5)Closing Balance of ÂExcess of Income over ExpenditureÂ as per previous yearâs (2022-23) Annual Financial Statement(Rs.4,04,44,567) was not tally with the Opening Balance of A F S for 2023-24 year (Rs.3,33,85,871)
6)The total Expenditure under MGNREGS is Rs. 2,53,09,930 as per Annual Financial Statement But it is only Rs.2,35,24,877 as per cash book of MGNREGS. A Difference of Rs.1785053 is abated.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്